Tony Pearce

# അന്ത്യ നാളുകൾക്ക് വെളിച്ചം

ഈ കാല സംഭവങ്ങളെ ബൈബിൾ പ്രവചനങ്ങളുമായി താരതമ്യം ചെയ്യുന്ന ഒരു പ്രസിദ്ധീകരണം

ജൂലൈ 2025

## യന്ത്രം നിലയ്ക്കുമോ? അതോ യന്ത്രം നിയന്ത്രണം ഏറ്റെടുക്കുമോ?




ഇ. എം. ഫോർസ്റ്റർ, 1909-ൽ എഴുതിയ ഒരു ഭാവി സാങ്കല്പിക കഥയാണ് 'യന്ത്രം നിലച്ചാൽ.' മനുഷ്യർ ഭൂമിക്കടിയിൽ ചെറിയ പ്രത്യേക മുറികളിൽ ജീവിക്കുമ്പോൾ, അതിശക്തമായ ഒരു യന്ത്രം അവരുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്ന ഒരു ഭാവി ലോകമാണ് ഈ കഥയിൽ അനാവരണം ചെയ്യുന്നത്. യന്ത്രത്തിനോടൊപ്പം എങ്ങനെ ജീവിക്കണമെന്നുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ യന്ത്ര പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഏത് പ്രശ്നവും കേടുപോക്കൽ ഉപകരണം തീർത്തു കൊടുക്കും. വളരെ പെട്ടെന്ന് അതിനെ വിളിക്കാനും പരിഹാരം കാണാനും ആകും. മറ്റുള്ളവരിൽ നിന്ന് അകന്ന് ജനങ്ങൾ അവിടെ ഒറ്റയ്ക്ക് ജീവിക്കുകയാണ്. അവർ വിരളമായേ യാത്ര ചെയ്യാറുള്ളൂ അല്ലെങ്കിൽ അപൂർവ്വമായി മാത്രമേ അവർ അവരുടെ മുറികളിൽ നിന്ന് പുറത്തു വരാറുള്ളൂ. അവർ ആശയവിനിമയം നടത്തുന്നത് ശീഘ്ര സന്ദേശ സമ്മേളന യന്ത്രത്തിലൂടെയാണ്. അതിനെ സംസാര ഉപകരണം എന്ന് വിളിക്കുന്നു. ഇതിലൂടെ

### ഉള്ളടക്കം

യന്ത്രം നിലയ്ക്കുമോ? അതോ യന്ത്രം നിയന്ത്രണം ഏറ്റെടുക്കുമോ?........ 1

യിസ്രായേൽ, ഇറാൻ അന്ത്യകാലയുദ്ധം........ 11

ക്രിസ്തീയ വിശ്വാസം 2.0........ 19

കാലത്തിന്റെ അടയാളങ്ങൾ........ 26

അന്തിമ വാക്ക്........ 31

യാണ് ജനങ്ങൾ സാമൂഹ്യമായി ഇട പെടുന്നതും യോഗങ്ങൾ സംഘടിപ്പി ക്കുന്നതും (ഏകദേശം ഇന്നത്തെ സൂം മീറ്റിങ്ങുകളോട് സാദൃശ്യം). ഈ കഥ യിലെ രണ്ടു പ്രധാന കഥാപാത്രങ്ങ ളാണ് ആ അവസ്ഥയിൽ സംതൃപ്തി യോടെ ജീവിക്കുന്ന, യന്ത്രത്തിന്റെ നന്മ യിൽ വിശ്വസിക്കുന്ന വസ്തിയും, അതിനെതിരെ നിൽക്കുന്ന അവളുടെ മകൻ കുനോയും.

കുനോ കൂടുതൽ കൂടുതലായി യന്ത്ര ത്തോട് അസംതൃപ്തി കാണിക്കുന്നു. അതേസമയം വസ്തി അതിനെ ആരാ ധിക്കുന്നതിൽ ചെന്നെത്തി നിൽ ക്കുന്നു. അവൾ ആ യന്ത്രത്തെ ദൈവ മായി കണക്കാക്കുന്നു. കൂടാതെ ബുക്ക് ഓഫ് ദ മെഷീനെ അവൾ ബൈബിളായും കണക്കാക്കുന്നു. അതിനിടയിൽ മെഷീൻ കേടാകുന്നു. എന്നാൽ, വസ്തി എല്ലാ ആശങ്കകളും ഒഴിവാക്കി സർവ്വശക്തമായ ആ യന്ത്ര ത്തിലുള്ള വിശ്വാസത്തിൽ തുടരുന്നു. മിഷൻ കേടാകുന്നുവെന്ന് കുനോ വിശ്വസിക്കുന്നു **'മിഷൻ നിശ്ചലമായി'** (The engine stops) എന്ന് അവൻ അവ ളോട് പറയുന്നു. അത് അസാധ്യമാ ണെന്ന് വസ്തി പറയുകയും, അവ ളുടെ ജീവിതം തുടരുകയും ചെയ്യുന്നു. എന്നാൽ, യന്ത്രത്തിൽ കൂടുതൽ കേടു പാടുകൾ പ്രത്യക്ഷപ്പെടുന്നു.

തുടക്കത്തിൽ, മനുഷ്യർ യന്ത്രത്തിന്റെ അപചയത്തെ, യന്ത്രത്തിന്റെ ചാപല്യ മായി അംഗീകരിച്ചുകൊണ്ട് അതിന് പൂർണ്ണമായും കീഴ്പ്പെട്ട് ജീവിക്കുന്നു. എന്നാൽ കാര്യങ്ങൾ കൂടുതലായി വഷളാകുന്നു. യന്ത്രത്തിന്റെ പ്രശ്ന ങ്ങൾ പരിഹരിക്കാൻ ആർക്കും കഴിയു ന്നില്ല. ഒടുവിൽ യന്ത്രം പൂർണ്ണമായി നിശ്ചലമാകുന്നു. അങ്ങനെ അവരുടെ ലോകത്തിന് അന്ത്യം വരുന്നു. കുനോ വസ്തിയുടെ നശിപ്പിക്കപ്പെട്ട മുറിയി ലേക്ക് വരുന്നു. അങ്ങനെ അവരുടെ ഒരുമിച്ചുള്ള അവസാന നിമിഷങ്ങളിൽ




കൃത്രിമ ബുദ്ധി

അവർ ഒരു സത്യം മനസ്സിലാക്കുന്നു മനുഷ്യർ സ്വാഭാവിക ലോകത്തിനു വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കു ന്നത്, തങ്ങളുടെ സുരക്ഷയ്ക്കായി ഒരിക്കലും അവർക്ക് ഒരു യന്ത്രത്തെ ആശ്രയിക്കാൻ കഴിയില്ല. ആ സംവി ധാനം പൂർണ്ണമായി തകർന്നിരിക്കുന്നു. യന്ത്രത്തിന്റെ പരിമിതികൾക്ക് പുറത്ത് ഭൂമിക്കു മുകളിൽ ഇപ്പോൾ മനുഷ്യർ അവരുടെ സമൂഹം പടുത്തുയർത്തേ ണ്ടിയിരിക്കുന്നു.

നമ്മുടെ സമൂഹത്തിലേക്ക് നോക്കി ഈ ആശങ്കകളുടെ പ്രസക്തി എത്രയാ ണെന്ന് നാം മനസ്സിലാക്കുക.

## 1. യന്ത്രം നിലയ്ക്കുമ്പോൾ സാമൂഹ്യ തകർച്ച.

ഏപ്രിൽ 28ന് സ്പെയിൻ, പോർച്ചുഗൽ തുടങ്ങിയ രാജ്യങ്ങളിലെമ്പാടും വലിയ രീതിയിൽ വൈദ്യുതി സ്തംഭനം ഉണ്ടായി. വാർത്താവിനിമയം, ഗതാഗതം, പണമ ടയ്ക്കൽ തുടങ്ങിയ സംവിധാനങ്ങൾ എല്ലാം സ്തംഭിച്ചു. പത്തു മണിക്കൂറി നുള്ളിൽ അതൊക്കെ പുനഃസ്ഥാപി ക്കാൻ അവർക്ക് കഴിഞ്ഞെങ്കിലും, അതൊരു വലിയ ചോദ്യം ഉയർ ത്തുന്നു. ഒരു വികസിത രാജ്യത്ത് ദീർ ഘ സമയത്തേക്ക് വൈദ്യുതി സ്തം ഭനം ഉണ്ടായാൽ എന്ത് സംഭവിക്കും, കമ്പ്യൂട്ടറുകളും, മൊബൈൽ ഫോണു കളും, ഇലക്ട്രോണിക് പണ വിനിമ യവും, യാത്ര സംവിധാനങ്ങളും സ്തം ഭിച്ച് ദീർഘ സമയത്തേക്ക് പ്രവർത്ത നരഹിതമായാൽ എന്ത് സംഭവിക്കും? ഇതെല്ലാം പരാജയപ്പെട്ടാൽ നമ്മുടെ

സമൂഹം പെട്ടെന്ന് നാശത്തിലെത്തും. അധികം താമസിയാതെ വൻ കമ്പോള ങ്ങളിൽ ആഹാരം ഇല്ലാതാകും, ജന ങ്ങൾക്ക് ആശയവിനിമം നടത്താൻ കഴിയാതെ വരും, ക്രമസമാധാനം തകരും. മൊബൈൽ ഫോണുകളും ഇന്റർനെറ്റും കമ്പ്യൂട്ടർ കളികളും ടെലി വിഷനും ഉൾപ്പെടെ ജനങ്ങളുടെ ജീവി തത്തിന്റെ കേന്ദ്രമായ സാങ്കേതിക വസ്തുക്കൾ നിശ്ചലമാകുമ്പോൾ, അവ ലഭ്യമല്ലാതാകുമ്പോൾ അവരിൽ പലരുടെയും മാനസിക നില നഷ്ട പ്പെടും.

## 2. നിർമ്മിത ബുദ്ധി – യന്ത്രങ്ങൾ നിയ ന്ത്രണം ഏറ്റെടുക്കുന്നു.

ഡെയ്‌ലി മെയിൽ ദിനപത്രത്തിൽ (31 മെയ് മാസം) വന്ന ഒരു ലേഖനത്തിന്റെ തലക്കെട്ട് ഇപ്രകാരമാണ്, 'പുരോഗതി യുടെ പേരിൽ മാനവരാശി ആത്മഹ ത്യയുടെ വക്കിലോ?' അതിൽ പറ യുന്നു, 'സാങ്കേതിക സ്ഥാപനങ്ങൾ നിർമ്മിത പൊതുബുദ്ധി വികസിപ്പിക്കു വാനുള്ള ഓട്ടത്തിലാണ്. ഏറ്റവും ബുദ്ധിമാനായ മനുഷ്യനെക്കാൾ ബുദ്ധിയുള്ള കമ്പ്യൂട്ടറുകളുടെ ഉത്ഭവ ത്തിലേക്ക് അത് നയിക്കും. എന്നാൽ, ഒരിക്കൽ നമുക്ക് അതിന്റെ നിയ ന്ത്രണം നഷ്ടപ്പെട്ടാൽ അതിന്റെ അന ന്തരഫലം ഒരു ആണവ യുദ്ധത്തെ ക്കാൾ ഭീകരമായിരിക്കും. ക്ലോഡ് ഓപ്പസ് 4 എന്ന സംവിധാനം അതിന് ഉദാഹ രണമാണ്. ഈ സംവിധാനം നിർമ്മി ച്ചവർ അത് നിർത്തൽ ചെയ്യാൻ ശ്രമിച്ചു. എന്നാൽ ഈ സംവിധാനം അതിന് വിസമ്മതിക്കുകയും, അതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ റദ്ദാക്കുകയും, കായികമായി അതിനെ പ്രവർത്തനര ഹിതമാക്കുന്നതിൽ നിന്ന് മനുഷ്യരെ പിന്തിരിപ്പിക്കാൻ അവരെ ഭീഷണിപ്പെ ടുത്തുകയും ചെയ്തു.

നിർമ്മിത ബുദ്ധി, കാൻസർ, മറവി, ഒരു തരം പഠന വൈകല്യം (ഓട്ടിസം) പോലുള്ള രോഗങ്ങളുടെ ചികിത്സ യിൽ പ്രയോജനം ചെയ്യുമെന്നും, ആഗോളതാപനത്തിന് പരിഹാരം കൊണ്ടുവരുമെന്നും, ഒരു വർഷം മുഴു വൻ ഒരു നഗരത്തിന് ആവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഒരു ബാറ്ററി വികസിപ്പിക്കുമെന്നും അല്ലെ ങ്കിൽ സുരക്ഷിതമായ ആണവ സംഭ രണികളിൽ നിന്ന് അനന്തമായ ഊർ ജ്ജം ഉല്പാദിപ്പിക്കുമെന്നും ശുഭാപ്തി വിശ്വാസികൾ പ്രതീക്ഷിക്കുന്നു. മറ്റൊ രുവശത്ത്, നിർമ്മിത ബുദ്ധി ഗവേ ഷകനായ എലയാസർ യൂഡകോവ സ്കി ഇങ്ങനെ പറഞ്ഞു: 'നിർമ്മിത പൊതു ബുദ്ധിയുടെ വികാസം ലോക മൊട്ടാകെ എത്രയും പെട്ടെന്ന് അവ സാനിപ്പിച്ചില്ലെങ്കിൽ, മാനവരാശി നശിപ്പിക്കപ്പെടും.'

നിർമ്മിത ബുദ്ധി തുടർന്നും വികസന ത്തിന്റെ പാതയിലാണെങ്കിൽ ആയിര ക്കണക്കിന് ജോലികൾ മനുഷ്യരേ ക്കാൾ ചെലവ് കുറച്ചും മേൽത്തര മായും യന്ത്രങ്ങൾ ചെയ്യും. അതുമൂലം ആളുകൾക്ക് എന്നന്നേക്കുമായി ജോലി നഷ്ടപ്പെടും. അവർ സർക്കാർ ആനുകൂ ല്യങ്ങളെ ആശ്രയിച്ച് ജീവിക്കേണ്ടിവരും. കൂടാതെ, നിർമ്മിത ബുദ്ധിയെ തെറ്റായ മാർഗ്ഗങ്ങൾക്ക് ദുഷ്ട മനുഷ്യർ ഉപയോ ഗിക്കുന്ന സ്ഥിതിയും വന്നുചേരാം. 2017-ൽ മോസ്കോയിൽ വിദ്യാർത്ഥി കളെ അഭിസംബോധന ചെയ്ത് പുട്ടിൻ പറഞ്ഞു, 'നിർമ്മിത ബുദ്ധിയിൽ ഉന്നതമായ പ്രാവീണ്യം നേടുന്നവർ ലോകം ഭരിക്കും.' ചൈനയുടെ ഷി ജിൻ പിൻ പുതുതലമുറ നിർമ്മിത ബുദ്ധി വികസന പദ്ധതി പ്രഖ്യാപിച്ചു. 2030 ആകുമ്പോഴേക്കും ചൈനയെ ലോക ത്തിന്റെ പ്രഥമ നിർമ്മിത ബുദ്ധി സിരാകേന്ദ്രമാക്കാൻ ഈ പദ്ധതി വ്യവസായത്തെയും സർക്കാരിനെയും സൈന്യത്തെയും പരസ്പരം ബന്ധി പ്പിക്കും. ജനങ്ങളുടെ പണവിതരണ ത്തെയും വിൽക്കാനും വാങ്ങാനുമുള്ള അവരുടെ പ്രാപ്തിയെയും നിയന്ത്രി ക്കാൻ ചൈന ഇതിനകം നിക്ഷേപ

സൂചികാ പദ്ധതിയിലൂടെ ഉയർന്ന സാങ്കേതിവിദ്യ ഉപയോഗിക്കുന്നു.

## 3. നാം ലോകത്തെ നശിപ്പിക്കുകയാണോ?

'വൻ മരണങ്ങൾ, ദാഹംകൊണ്ടു വരണ്ട ഒരു ഗൃഹം എങ്ങനെ ക്ഷാമത്തിലേക്ക് നടന്നടുക്കുന്നു' എന്ന തലക്കെട്ടോടെ മൈക്കൾ സ്നൈഡർ ഒരു ലേഖനം എഴുതി. നമ്മുടെ ഗൃഹത്തിന്റെ ഉപരിതലത്തിലെ നാലിൽ മൂന്ന് ഭൂപ്രദേശങ്ങളും പതിയെ വരണ്ടുകൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറയുന്നു. ലോകമൊട്ടാകെ വനനശീകരണം നടക്കുന്നു, പച്ചപ്പ് അപ്രത്യക്ഷമാകുന്നു, ഒരിക്കൽ ഫലപ്രാപ്തിയുണ്ടായിരുന്ന മണ്ണിന്റെ ഗുണം നഷ്ടപ്പെട്ടിരിക്കുന്നു. അതിനിടയിൽ ഭരണകൂടങ്ങൾ കാലാവസ്ഥയെ നശിപ്പിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നു. അവർ രഹസ്യമായി എല്ലാ തരത്തിലുമുള്ള ജൈവ പരീക്ഷണങ്ങൾ നടത്തുന്നു.

ഈ പ്രവണത തുടരുകയാണെങ്കിൽ 500 കോടി ജനങ്ങൾ ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ വരണ്ട പ്രദേശത്ത് ജീവിക്കേണ്ടിവരും — കൂടാതെ, മണ്ണൊലിപ്പും ജല സ്രോതസ്സുകളുടെ കുറവും സുപ്രധാനമായ ആവാസ വ്യവസ്ഥയെ തകർക്കുമെന്ന് 'മരുഭൂ വ്യാപനത്തെ തടയുവാനുള്ള ഐക്യരാഷ്ട്ര സമതി' മുന്നറിയിപ്പ് നൽകുന്നു. ഭൂമി വരളുമ്പോൾ തീർത്തും വിനാശകരമായ ഒരു കൂട്ടം അനന്തര ഫലങ്ങൾ ഉണ്ടാകുന്നു, ആളോഹരി വരുമാനനഷ്ടം, നിർബന്ധിത കുടിയേറ്റം, പൊടിക്കാറ്റ് മൂലം മനുഷ്യ ജീവനുണ്ടാകുന്ന ക്ലേശങ്ങൾ, കാട്ടുതീ വർദ്ധിക്കുന്നത്, മണ്ണൊലിപ്പ്, വിളകൾ വേണ്ട ഫലം തരാതിരിക്കൽ, വെള്ളത്തിലും മണ്ണിലും ഉപ്പു കലരുക തുടങ്ങിയവ ഉദാഹരണങ്ങളാണ്. വനനശീകരണം പ്രാദേശിക ജല ചക്രത്തെ തടയുന്നു. അത് മണ്ണിന്റെ ഗുണം നഷ്ടപ്പെടുത്തുന്നു. വിളകളുടെ വളർച്ചയ്ക്ക് വളരെ അത്യാവശ്യമായ മേൽമണ്ണ് ഒഴുകി പോകുന്നത് തടയുന്ന സസ്യസമ്പത്ത് ഇല്ലെങ്കിൽ, മഴയത്തും കാറ്റത്തും ഈ മേൽമണ്ണ് ഒഴുകി പോവുകയും അത് മൂലം പ്രധാനപ്പെട്ട പോഷകങ്ങൾ മണ്ണിൽ നിന്ന് നഷ്ടപ്പെടുകയും ചെയ്യും. ഈ മാറ്റങ്ങൾ ഹാനികരമായ ഒരു ചക്രം സൃഷ്ടിക്കുന്നു: ഗുണം നഷ്ടപ്പെട്ട മണ്ണ് ജലം തടഞ്ഞു നിർത്തുന്നില്ല, അത് കൂടുതൽ ജലമൊഴുക്കിലേക്ക് നയിക്കുകയും പൂർവ്വസ്ഥിതിയിലാവാനുള്ള മണ്ണിന്റെ കഴിവിനെ കുറയ്ക്കുകയും ചെയ്യുന്നു

നദീ മലിനീകരണം ഉടലെടുക്കുന്നത് വിവിധ ഉറവിടങ്ങളിൽ നിന്നാണ്, വ്യാവസായിക മാലിന്യം, കൃഷിസ്ഥലങ്ങളിലൂടെ ഒഴുകിയെത്തുന്ന ജലത്തിലെ വളങ്ങളും കീടനാശിനികളും, ഓടകളിൽ നിന്നുള്ള മലിനജലം, നഗരങ്ങളിലൂടെ ഒഴുകിയെത്തുന്ന ജലം തുടങ്ങിയവ കാരണങ്ങളാണ്. ഈ മാലിന്യങ്ങൾ ജലത്തിന്റെ ഗുണക്ഷമത കുറയ്ക്കുകയും, ജലജീവികൾക്ക് നാശം വരുത്തുകയും, മനുഷ്യന്റെ ആരോഗ്യത്തെ അപകടപ്പെടുത്തുകയും ചെയ്യും. പ്ലാസ്റ്റിക്കിനോടൊപ്പം ഇതെല്ലാം സമുദ്രത്തിലെത്തി മലിനീകരണം ഉണ്ടാക്കുകയും മത്സ്യ സമ്പത്തിനെ ഇല്ലാതാക്കുകയും ചെയ്യുന്നു. പരിസ്ഥിതി പ്രശ്നം കൂടാതെ, ആളില്ലാ വിമാനങ്ങളും മിസൈലുകളും ആണവായുധങ്ങളും ഉൾപ്പെടെയുള്ള വിനാശകാരികളായ ആയുധങ്ങളുടെ നിർമ്മാണത്തിനുവേണ്ടി മാനവരാശി വലിയ രീതിയിൽ പ്രകൃതി വിഭവങ്ങളെ ഉപയോഗിക്കുന്നതായി നാം കാണുന്നു. നാറ്റോയുമായി ബന്ധപ്പെട്ട പാശ്ചാത്യ രാജ്യങ്ങളും, റഷ്യയും, ചൈനയും ഉൾപ്പെടെയുള്ള സഖ്യവും തമ്മിലുള്ള സംഘർഷം യുക്രൈൻ യുദ്ധത്തിന്റെ ഫലമായി കൂടുതൽ തീവ്രമായികൊണ്ടിരിക്കുന്നു. എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കാവുന്ന ഒരു വെടിമരുന്ന് ശാലയായി മാറിക്കൊണ്ടിരിക്കുകയാണ് പശ്ചിമേഷ്യ. യിസ്രയേലിനെ ഉന്മൂലനാശം ചെയ്യാൻ

ശ്രമിക്കുന്ന ശക്തികളുമായുള്ള അവരുടെ പോരാട്ടവും, ആണവായുധങ്ങൾ വികസിപ്പിക്കാനുള്ള ഇറാന്റെ പ്രയത്നങ്ങളും സ്ഥിതി കൂടുതൽ വഷളാക്കുന്നു. ചൈന തുടർച്ചയായി തായ്‌വാനെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ആണവശക്തികളായ ഇന്ത്യയും പാക്കിസ്ഥാനും മെയ് മാസം ഹ്രസ്വമായ ഒരു പോരാട്ടത്തിൽ ഏർപ്പെട്ടു. കൂടാതെ സുഡാൻ, കോംഗോ, ലിബിയ പോലുള്ള രാജ്യങ്ങളിൽ ആഭ്യന്തര യുദ്ധം ജനങ്ങളുടെ ജീവിതത്തെ അപകടത്തിലാക്കുകയും ജീവനെ നശിപ്പിക്കുകയും ക്ഷാമം സൃഷ്ടിക്കുകയും ചെയ്യുന്നു.

## ഇതിനൊരു പരിഹാരമുണ്ടോ?

'യന്ത്രങ്ങൾ നിലയ്ക്കുന്നു' (The Machine Stops) എന്ന കൃതി പ്രകാരം ഉയർന്ന സാങ്കേതിക വിദ്യയുള്ള സംവിധാനം തകരുന്നു. അതിനെ ആശ്രയിച്ച് ജീവിക്കുന്നവരെ അതിന് സഹായിക്കാൻ കഴിയാതെ വരുന്നു. ഒരേയൊരു പരിഹാരം അതിൽ നിന്ന് പുറത്തു വരിക, പ്രകൃതിയിലേക്ക് മടങ്ങുക, ഭൂമിയുമായി ഇണങ്ങി ജീവിക്കുക എന്നതാണ്. 'ഞാൻ യന്ത്ര മനുഷ്യൻ' എന്ന 'സിനിമയിൽ യന്ത്ര മനുഷ്യർ (machines) അധികാരം ഏറ്റെടുക്കുകയും മനുഷ്യരുടെ ഗുണത്തിനുവേണ്ടി കോവിഡ് സമയത്തുണ്ടായതുപോലെ അവരെ അടച്ചുപൂട്ടുകയും ചെയ്യുന്നു. നായകൻ വിക്കിയെ നശിപ്പിച്ച് യന്ത്ര മനുഷ്യരുടെ മേൽ അവൾക്കുണ്ടായിരുന്ന നിയന്ത്രണം ഇല്ലാതാക്കുന്നത് വരെ മനുഷ്യർക്ക് ഒന്നും ചെയ്യാൻ കഴിയില്ല.

യഥാർത്ഥത്തിൽ, ഹോളിവുഡ് മാതൃകയിലുള്ള അമാനുഷിക നായകനെക്കാൾ അധികമായി നമുക്ക് എന്തോ ആവശ്യമുണ്ട്. നമുക്ക് സർവ്വശക്തനായ കർത്താവിനെ ആവശ്യമുണ്ട്. ശ്രദ്ധേയമായ വസ്തുത എന്താണെന്ന് വെച്ചാൽ ഈ സംഭവ വികാസങ്ങളെല്ലാം ബൈബിളിലെ അന്ത്യകാല പ്രവചനങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നു. അതെല്ലാം എത്തിച്ചേരുന്നത് യേശുമശിഹായുടെ മടങ്ങിവരവിലാണ്. ഉദാഹരണമായി, അന്ത്യകാലത്ത് പരിസ്ഥിതി ദുരന്തം ഉണ്ടാകുമെന്ന് ബൈബിൾ പറയുന്നു, സസ്യ വൃക്ഷാദികൾ കത്തിയെരിയുകയും സമുദ്രത്തിലെ മത്സ്യം ചത്തുപോവുകയും നദികൾ മലിനമാവുകയും ചെയ്യുമെന്ന് വെളിപ്പാട് 8-ൽ പറഞ്ഞിരിക്കുന്നു. കൊടിയ ചൂട് ജീവിതം അസാധ്യമാക്കുമെന്ന് വെളിപ്പാട് 16-ലും പറഞ്ഞിരിക്കുന്നു.

അന്ത്യകാലത്തെ സാങ്കേതികവിദ്യയുടെ വികാസത്തെപ്പറ്റിയുള്ള സൂചനകളുമുണ്ട്. ദാനിയേൽ 12:4 പറയുന്നു, ***'അന്ത്യകാലംവരെ ഈ വചനങ്ങളെ അടെച്ചു പുസ്തകത്തിന്നു മുദ്രയിടുക; പലരും അതിനെ പരിശോധിക്കയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും.'*** ഇക്കാലത്ത് ആഗോള യാത്രയിലും അറിവിലും വലിയ വർദ്ധനവ് നാം കാണുന്നു. സാങ്കേതികവിദ്യയുടെ വികാസമാണ് അതിന്റെ കാരണം. മാനവ ചരിത്രത്തിൽ അടുത്ത കാലം വരെ, ഈ ലോകത്തെവിടെയെങ്കിലും നിങ്ങൾക്ക് പോകണമെങ്കിൽ ഏറ്റവും വേഗതയുള്ള യാത്രാ മാർഗ്ഗം കുതിരയായിരുന്നു. എവിടെയെങ്കിലും നിങ്ങൾക്കൊരു സന്ദേശം അയക്കണമെങ്കിൽ, നിങ്ങൾ സന്ദേശം എഴുതി, അത് കുതിരയുടെ വേഗത്തിൽ എത്തിക്കുന്ന ഒരാളെ ഏൽപ്പിക്കുക എന്നായിരുന്നു മാർഗ്ഗം. യുദ്ധത്തിൽ നിങ്ങൾക്ക് ജനങ്ങളെ കൊല്ലണമെങ്കിൽ വാളുകൊണ്ടോ കുന്തംകൊണ്ടോ അമ്പു കൊണ്ടോ അവരെ ഓരോരുത്തരായി കൊല്ലുക എന്നതായിരുന്നു മാർഗ്ഗം. ഈ ലോകത്തിന്റെ മറുവശത്തേക്ക് വിമാനത്തിൽ ഒരു ദിവസംകൊണ്ടോ രണ്ടുദിവസം കൊണ്ടോ നിങ്ങൾക്ക് യാത്ര ചെയ്യാനാകും. കാറിലോ തീവണ്ടിയിലോ ഒരു സാധാരണ രാജ്യത്തിലൂടെ നിങ്ങൾക്ക് കുറുകെ കടക്കാനാകും. ഫോണുകളും കമ്പ്യൂട്ടറും ഉപയോഗിച്ചുകൊണ്ട്

ലോകത്തെവിടെയും പെട്ടെന്ന് നിങ്ങൾക്ക് സന്ദേശം അയക്കാൻ കഴിയും. വിദൂര രാജ്യങ്ങളിൽ എന്താണ് സംഭവിക്കുന്നതെന്ന് നിങ്ങൾക്ക് നിങ്ങളുടെ ടെലിവിഷൻ സ്ക്രീനിൽ കാണാൻ കഴിയും. മനുഷ്യർക്ക് ഒരു ബട്ടണിൽ വിരലമർത്തി മൈലുകൾക്കപ്പുറത്തു നിന്ന് അവരയക്കുന്ന മിസൈലുകളിലൂടെ ആയിരക്കണക്കിന് ജനങ്ങളെ കൊല്ലാൻ കഴിയും.

സാങ്കേതികവിദ്യ നമ്മുടെ കാലത്തിൽ ആശ്ചര്യപ്പെടുത്തുന്ന മുന്നേറ്റങ്ങളാണ് മാനവരാശിക്ക് സമ്മാനിച്ചത്. അത് ജനങ്ങൾക്ക് വലിയ പ്രയോജനങ്ങൾ നൽകി കൊടുത്തു, നമുക്ക് സമ്പത്ത് തന്നു, മനുഷ്യന്റെ അദ്ധ്വാനം ഇല്ലാതാക്കുന്ന യന്ത്രങ്ങളും സുഖ സൗകര്യങ്ങളും തന്നു. കഴിഞ്ഞ തലമുറയ്ക്ക് അതൊക്കെ സ്വപ്നം കാണാൻ മാത്രമേ കഴിയുമായിരുന്നുള്ളൂ. നൂതനമായ വൈദ്യശാസ്ത്രം മേൽത്തരമായ ആരോഗ്യ സംരക്ഷണം സമ്മാനിച്ചു. അതുമൂലം ദീർഘായുസ്സും രോഗങ്ങളിൽ നിന്നുള്ള വിടുതലും നമുക്ക് ലഭിച്ചു. കഴിഞ്ഞ തലമുറയിൽ ആയിരുന്നെങ്കിൽ ഈ രോഗങ്ങൾ നമ്മുടെ ആയുസ്സ് കുറച്ചേനെ. കമ്പ്യൂട്ടറുകളും ഇന്റർനെറ്റും അറിവിന്റെ അനന്തമായ ലോകം നമുക്ക് തുറന്നു തന്നിരിക്കുന്നു.

എന്നിരുന്നാലും ഇതിനെല്ലാം ഒരു പോരായ്മയുണ്ട്. പണ സംവിധാനത്തെ സാങ്കേതികവിദ്യ വലിയ രീതിയിൽ നിയന്ത്രിക്കുന്ന ഒരു ലോകത്താണ് നാമിന്ന് ജീവിക്കുന്നത്. അത് നമ്മെ ഒരു പണരഹിത സമൂഹത്തിലേക്ക് തള്ളിവിടുന്നു. ഒരു കേന്ദ്ര ബാങ്ക് അംഗുലീ നാണയം (digital currency) സൃഷ്ടിക്കാൻ ഭരണകൂടങ്ങൾ പ്രവർത്തിക്കുന്നു. അതിന്റെ ആത്യന്തികമായ ലക്ഷ്യം, പണവും ഇപ്പോഴുള്ള ബാങ്ക് അക്കൗണ്ടുകളും ഒഴിവാക്കി നമ്മുടെ സമ്പാദ്യത്തെ സർക്കാർ നിയന്ത്രിക്കുന്ന ഒരു ഇലക്ട്രോണിക് പണ സംവിധാനവുമായി ബന്ധപ്പെടുത്തുകയാണ്. 'പ്രവചന വാർത്താ നിരീക്ഷണം' എന്ന പത്രികയിൽ പറയുന്നു, "കേന്ദ്ര ബാങ്കിലെ അംഗുലീ നാണയം" വെറുമൊരു അംഗുലീ നാണയമല്ല, അവയെ ക്രമപ്പെടുത്തുവാനും, നിരീക്ഷിക്കുവാനും, നിയന്ത്രിക്കാനും കഴിയും. നിങ്ങൾ അത് പിൻവലിക്കുന്നില്ല. നിങ്ങളത് കട്ടിലിനടിയിൽ കൂട്ടി വയ്ക്കുന്നില്ല. യഥാർത്ഥത്തിൽ, നിങ്ങൾ അതിന്റെ അവകാശി പോലുമല്ല. സർക്കാരോ സെൻട്രൽ ബാങ്കോ ആണ് അതിന്റെ അവകാശി. ആ പണം ഉപയോഗിക്കാനുള്ള നിങ്ങളുടെ സ്വാതന്ത്ര്യം അനുവദിക്കപ്പെടുകയോ ഹനിക്കപ്പെടുകയോ ചെയ്യാം. ചൈനയിൽ അത് സംഭവിക്കുന്നു. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി സാമൂഹ്യ നിക്ഷേപ വ്യവസ്ഥയുമായി ബന്ധിപ്പിക്കുന്ന അംഗുലി (digital) യുവാൻ പുറത്തിറക്കി. സർക്കാരിനെ വിമർശിക്കുന്ന പൗരന്മാർ, സർക്കാർ നിയന്ത്രിത സഭകൾക്ക് പുറത്തുള്ള സഭകളിൽ പോകുന്നവർ, മതപരമായ വസ്തുക്കൾ 'അധികമായി' വാങ്ങിക്കുന്നവർ എന്നിവരുടെ അക്കൗണ്ടുകൾ പരിമിതപ്പെടുത്താനോ റദ്ദ് ചെയ്യാനോ അതിൽ സംവിധാനമുണ്ട്.

ഈ മേഖലയിലുള്ള മറ്റൊരു സംഭവവികാസം, 'ക്രിസ്പർ' ജീനുകളുടെ ഘടന കൃത്യമായി മാറ്റുന്ന (gene editing) സാങ്കേതികവിദ്യയാണ്. 'മനുഷ്യ ബുദ്ധിയിൽ കടന്നു കയറി ആക്രമിക്കുവാൻ കഴിവുള്ള' വ്യത്യസ്തമായ ഒരു വിദ്യയായി അതിനെ കാണുന്നു. 'തത്വശാസ്ത്ര പരമായും, ബൗദ്ധികമായും മനുഷ്യന്റെ കഴിവുകളെ വർദ്ധിപ്പിക്കയും മറികടക്കുകയും ചെയ്യാൻ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ (Trans humanisum). മാനവരാശിയുടെ ഭാവിയും: 2030-ടെ ലോകം മാറുന്ന ഏഴ് രീതികൾ' എന്ന ലേഖനം പറയുന്നു, 'മനുഷ്യ ശരീരത്തെ മാറ്റാൻ കഴിയുന്ന ഒരു കൂട്ടം സാങ്കേതികവിദ്യക

ളുടെ വരവിനു വരും വർഷങ്ങൾ സാക്ഷിയാകും. അത് മനുഷ്യരെ കൂടുതൽ ബുദ്ധിമാന്മാരും കൂടുതൽ ശക്തന്മാരും ഇന്ന് മനുഷ്യർക്ക് ചെയ്യാൻ പറ്റാത്ത പല കാര്യങ്ങൾ ചെയ്യുന്നവരുമാക്കും. മസ്തിഷ്ക സൂക്ഷ്മചീളും (brain microchips), ത്വക്കിനടിയിൽ സ്ഥാപിക്കുന്ന റേഡിയോ തരംഗ തിരിച്ചറിയൽ (RFID) ചീളുകളും ഉൾപ്പെടെ ശരീരത്തിൽ നിക്ഷേപിക്കുന്ന ചീളുകളുടെ വർദ്ധിച്ച ഉപയോഗം നാം കാണും. കൈ വീശുന്നതിലൂടെ വാതിലുകളും കമ്പ്യൂട്ടർ പാസ്സ്‌വേർഡുകളും തുറക്കാൻ അത് മനുഷ്യരെ പ്രാപ്തരാക്കും. മനുഷ്യ ശരീരത്തിനുള്ളിലെ ഈ മാറ്റങ്ങൾ കൂടുതൽ സഹനശക്തിയുള്ള, കൂടുതൽ മെച്ചപ്പെട്ട, തുടർച്ചയായി നിരീക്ഷണത്തിലായിരിക്കുന്ന മനുഷ്യരുടെ ഉദയത്തിന് കാരണമാകും.

'തുടർച്ചയായി നിരീക്ഷണത്തിലായിരിക്കുന്നു' എന്ന പ്രയോഗം ശ്രദ്ധിക്കുക. തെറ്റായ കൈകളിൽ എത്തപ്പെടുന്ന ഈ സാങ്കേതിക വിദ്യ ഒരുകൂട്ടം ശക്തന്മാരായ മനുഷ്യർക്ക് മാനവരാശിയെ മൊത്തത്തിൽ നിയന്ത്രിക്കാനുള്ള അവസരം നൽകും. ബൈബിളിൽ പറഞ്ഞിരിക്കുന്ന, അന്ത്യകാലത്ത് യേശു ക്രിസ്തുവിന്റെ മടങ്ങിവരവിനു തൊട്ടു മുൻപ് സംഭവിക്കുന്ന കാര്യങ്ങളുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു.

സാങ്കേതികവിദ്യയുടെ വികാസത്തിന്റെ ഏറ്റവും ആശങ്കപ്പെടുത്തുന്ന ഒരു വസ്തുത എന്താണെന്ന് വെച്ചാൽ, ഒരു പണരഹിത സാമ്പത്തിക സംവിധാനത്തെ അത് സൃഷ്ടിക്കുമെന്നതാണ്. വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പ്രസിദ്ധമായ 666 പ്രവചനം നിറവേറുന്ന അവസ്ഥ വരും.

വെളിപ്പാട് 13 -ൽ മൃഗത്തിന്റെ അടയാളത്തിന്റെ പ്രവചനത്തെപ്പറ്റി നാം കാണുന്നു. എതിർ ക്രിസ്തു അല്ലെങ്കിൽ മൃഗം എന്നറിയപ്പെടുന്ന ആഗോള ഭരണാധികാരിയാണ് അതു കൊണ്ടുവരുന്നത്: ***'അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറും മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു. ഇവിടെ ജ്ഞാനംകൊണ്ടു ആവശ്യം. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ: അതു ഒരു മനുഷ്യന്റെ സംഖ്യയത്രെ. അതിന്റെ സംഖ്യ അറുനൂറ്ററുപത്താറു'*** (വെളി.13:16-18).

യോഹന്നാൻ വെളിപ്പാട് എഴുതിയപ്പോൾ, വിൽക്കുന്നതും വാങ്ങുന്നതും നാണയങ്ങളിലൂടെയും വച്ചുമാറ്റ സംവിധാനത്തിലൂടെയുമായിരുന്നു. ഒരു മനുഷ്യന്റെ ശരീരത്തിലെ അക്കമോ അടയാളമോ കൊണ്ട് അതൊക്കെ ചെയ്യാൻ കഴിയുന്ന ഒരു സംവിധാനത്തെപ്പറ്റി അന്ന് ചിന്തിക്കാൻപോലും ആകുമായിരുന്നില്ല. ഇന്ന് അതൊരു വലിയ കാര്യമല്ല. പണത്തിന് പകരം ക്രെഡിറ്റ് കാർഡുകൾ വരുന്നത് നാം ഇന്ന് കാണുന്നു. ക്രെഡിറ്റ് കാർഡിൽ പ്രത്യേക അക്കങ്ങളുണ്ട് അതിന്റെ ഉടമസ്ഥനാണ് അതിന്റെ അവകാശി. പ്രാണിശാസ്ത്ര തിരിച്ചറിയലിലും (biometric Identification) അത്യാധുനിക വിവരശേഖര യന്ത്രവിദ്യയിലും (advanced database mechanism) നാം വലിയ പുരോഗതി കാണുന്നു. അത് ഈ പ്രവചനത്തെ നിവർത്തീകരിക്കും.

വ്യക്തികൾക്ക് പണം എവിടെ നിന്ന് വരുന്നു എന്ന് പരിശോധിക്കാൻ ഇത് ബാങ്കുകൾക്ക് (സർക്കാരുകൾക്കും) അവസരം നൽകുന്നു. കുറ്റകൃത്യങ്ങൾക്കും നികുതിവെട്ടിപ്പിനുമെതിരെയുള്ള ആയുധമായി സർക്കാരിന് ഈ സാങ്കേതികവിദ്യയെ ഉപയോഗിക്കാൻ കഴിയും. ഒരു വീടു വാങ്ങുന്നത് മുതൽ ഒരു കപ്പ് കാപ്പി വാങ്ങുന്നതുവരെയുള്ള എല്ലാ സാമ്പത്തിക ഇടപാടു

കളും വീക്ഷിക്കാൻ ഇത് അവർക്ക് അവസരം നൽകുന്നു.

വെളിപ്പാട് 13 — ലെ മൃഗത്തിന്റെ അടയാളം പ്രവർത്തിക്കുന്നത് ഇങ്ങനെയാണെന്ന് ഉറപ്പിച്ചുപറയാൻ നമുക്ക് കഴിയില്ല. എന്നാൽ, പണം ഇല്ലാതെ, ഒരു വ്യക്തിയുടെ ശരീരത്തിൽ സ്ഥാപിച്ചിരിക്കുന്ന ഒരു സൂക്ഷ്മച്ചീളിലെ (micro chip) അക്കം മൂലം വിൽക്കാനും വാങ്ങാനും കഴിയുന്ന നൂതനമായ ഈ സാങ്കേതികവിദ്യ ശ്രദ്ധേയമാണ്. ഇതിനുമുൻപ് മാനവ ചരിത്രത്തിൽ ഇതുപോലൊരു സാങ്കേതിക വിദ്യയെപ്പറ്റി ഒരിക്കലും ചിന്തിക്കുകയോ നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ല. യേശു ക്രിസ്തുവിന്റെ മടങ്ങിവരവിനു മുൻപുള്ള കാലത്താണ് നാം ജീവിക്കുന്നതെന്ന മറ്റൊരു അടയാളത്തിന്റെ സാധ്യതയാണ് ഇത് കാണിക്കുന്നത്.

വെളിപ്പാട് 13 — ലെ മൃഗത്തിന്റെ അടയാളം വെറും പണം കൈമാറ്റത്തെപ്പറ്റിയുള്ളതല്ല. മൃഗത്തിന് കള്ള പ്രവാചകൻ എന്നറിയപ്പെടുന്ന ഒരു പങ്കാളിയുണ്ട്. അവൻ ഒരു വ്യാജമതം സൃഷ്ടിക്കും. അവൻ ഒരു പ്രതിമ ഉയർത്തിയിട്ട് അതിനെ ആരാധിക്കാൻ ജനങ്ങളോട് പറയും. അവർ മൃഗത്തിന്റെ പ്രതിമയെ ആരാധിക്കുകയാണെങ്കിൽ, അവർക്ക് മൃഗത്തിന്റെ അടയാളം ലഭിക്കും.

***'മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമെക്കു ആത്മാവിനെ കൊടുപ്പാൻ അതിനു ബലം ലഭിച്ചു'*** (വെളി. 13:15).

മുൻകാലങ്ങളിൽ ഒരു പ്രതിമ സംസാരിക്കുക എന്ന ആശയം അസാദ്ധ്യമായിരുന്നു. നമ്മുടെ സമയത്ത്, ഒരു പ്രതിമയ്ക്ക് സംസാരിക്കാനുള്ള കഴിവ് കൊടുക്കുന്നത് എത്രമാത്രം എളുപ്പമാണെന്ന് നമുക്ക് മനസ്സിലാകും. യഥാർത്ഥത്തിൽ, മിക്ക ആളുകളും ടെലിവിഷൻ സ്ക്രീനിൽ സംസാരിക്കുന്ന ഒരു പ്രതിമയെ നോക്കി സമയം ചെലവഴിക്കുന്നു. കമ്പ്യൂട്ടർ വഴി നമുക്ക് പെട്ടെന്ന് ആശയവിനിമയം നടത്താൻ കഴിയും. ഒരു സന്ദേശം ജനങ്ങളെ അറിയിക്കാനുള്ള പ്രാപ്തി അതിന് നൽകാൻ കഴിയും. ഒരു വ്യക്തിയുടെ രൂപം സൃഷ്ടിക്കാൻ കഴിയുന്ന ത്രിമാനമായ ചിത്രം (hologram) നമുക്കുണ്ട്, അയാൾ അവിടെ ഉണ്ടെന്ന് തോന്നിപ്പിക്കുന്ന തരത്തിൽ അതിന് സംസാരിക്കാൻ കഴിയും.

പ്രതിമയും മൃഗത്തിന്റെ അടയാളവും എന്തുതന്നെയായാലും, അത് യാഥാർത്ഥ്യമാകുന്ന സമയത്താണ് നിങ്ങൾ ജീവിക്കുന്നതെങ്കിൽ നിങ്ങൾ ആ അടയാളം സ്വീകരിക്കരുത്, കാരണം, അങ്ങനെ ചെയ്യുന്നവർ നശിച്ചുപോകും. വെളിപ്പാട് 14:9–11 പറയുന്നു: 'മൂന്നാമതു വേറൊരു ദൂതൻ അവരുടെ പിന്നാലെ വന്നു അത്യുച്ചത്തിൽ പറഞ്ഞതു: മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിച്ചു നെറ്റിയിലോ കൈമേലോ മുദ്ര ഏല്ക്കുന്നവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധ മദ്യം കുടിക്കേണ്ടിവരും; വിശുദ്ധ ദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല.'

## ഇതെല്ലാം തകരുമോ?

ഈ മുഴുവൻ സംവിധാനവും എന്തുകൊണ്ട് തകരുമെന്നും ഒരു പ്രായോഗിക വീക്ഷണത്തിലൂടെ അതെങ്ങനെ സ്വയം നശിക്കുമെന്നും പറയാൻ കാരണങ്ങളുണ്ട്. എന്നാൽ, ആത്യന്തികമായി ഇത് നശിക്കാനുള്ള കാരണം, അത് ജീവനുള്ള ദൈവവുമായി യുദ്ധത്തിലായതിനാൽ അത്രെ. അന്ത്യ

ലോക സംവിധാനത്തെ വെളിപ്പാട് പുസ്തകം 'മഹതിയാം ബാബിലോൻ' എന്ന് തിരിച്ചറിയുന്നു. അതിന്റെ തകർച്ചയെ വെളിപ്പാട് 18 വിവരിക്കുന്നു. അത് തകരുമ്പോൾ, ദൈവത്തെ സ്വന്തം ജീവിതത്തിൽ നിന്ന് പുറത്താക്കി, ബാബിലോൻ ലോക സംവിധാനത്തിൽ സർവ്വവും നിക്ഷേപിച്ചവർക്ക് എല്ലാം നഷ്ടപ്പെടും. യേശു പറഞ്ഞു, ***'ഒരു മനുഷ്യൻ സർവ്വ ലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?'*** (മത്താ. 16:26).

വെളിപ്പാട് 18-ൽ ഒരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന്, ബാബിലോനിന്റെ വീഴ്ചയെ പ്രഖ്യാപിക്കുന്നത് നാം കാണുന്നു. ഈ അധ്യായത്തിൽ, ബാബിലോൻ ഇന്നത്തെ ലോക സാമ്പത്തിക രാഷ്ട്രീയ സംവിധാനത്തെ പ്രതിനിധാനം ചെയ്യുന്നു.

***'മഹതിയാം ബാബിലോൻ വീണു പോയി; ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും അശുദ്ധിയും അറെപ്പുമുള്ള സകല പക്ഷികളുടെയും തടവുമായിത്തീർന്നു. അവളുടെ വേശ്യാവൃത്തിയുടെ ക്രോധ മദ്യം സകലജാതികളും കുടിച്ചു; ഭൂമിയിലെ രാജാക്കന്മാർ അവളോടു വേശ്യാസംഗം ചെയ്കയും ഭൂമിയിലെ വ്യാപാരികൾ അവളുടെ പുളെപ്പിന്റെ ആധിക്യത്താൽ സമ്പന്നരാകയും ചെയ്തു.'***

***'വേറൊരു ശബ്ദം സ്വർഗ്ഗത്തിൽ നിന്നു പറയുന്നതായി ഞാൻ കേട്ടതു. എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ'.... അവളോടു കൂടെ വേശ്യാസംഗം ചെയ്തു പുളെച്ചിരിക്കുന്ന ഭൂരാജാക്കന്മാർ അവളുടെ***



***പീഡനിമിത്തം ഭയപ്പെട്ടു ദൂരത്തു നിന്നുകൊണ്ടു അവളുടെ ദഹനത്തിന്റെ പുക കാണുമ്പോൾ അവളെ ച്ചൊല്ലി കരഞ്ഞും മാറത്തടിച്ചും കൊണ്ടു: അയ്യോ, അയ്യോ, മഹാനഗരമായ ബാബിലോനേ, ബലമേറിയ പട്ടണമേ, ഒരു മണിക്കൂറുകൊണ്ടു നിന്റെ ന്യായവിധി വന്നല്ലോ എന്നു പറയും'.***

***'ഭൂമിയിലെ വ്യാപാരികൾ പൊന്നു, വെള്ളി, രത്നം, മുത്തു, നേരിയ തുണി, ധൂമ്ര വസ്ത്രം, പട്ടു, കടുഞ്ചുവപ്പു, ചന്ദനത്തരങ്ങൾ, ആനക്കൊമ്പുകൊണ്ടുള്ള സകലവിധ സാമാനങ്ങൾ, വിലയേറിയ മരവും പിച്ചളയും ഇരിമ്പും മർമ്മരക്കല്ലുംകൊണ്ടുള്ള ഓരോ സാമാനം, ലവംഗം, ഏലം, ധൂപവർഗ്ഗം, മൂറു, കുന്തുരുക്കം, വീഞ്ഞു, എണ്ണ, നേരിയ മാവു, കോതമ്പു, കന്നുകാലി, ആടു, കുതിര, രഥം, മാനുഷ ദേഹം, മാനുഷ പ്രാണൻ എന്നീ ചരക്കു ഇനി ആരും വാങ്ങായ്കയാൽ അവളെച്ചൊല്ലി കരഞ്ഞു ദുഃഖിക്കുന്നു' .... ഈ വകകൊണ്ടു വ്യാപാരം ചെയ്തു അവളാൽ സമ്പന്നരായവർ അവൾക്കുള്ള പീഡ ഭയപ്പെട്ടു ദൂരത്തുനിന്നു: അയ്യോ, അയ്യോ, മഹാനഗരമേ, നേരിയ തുണിയും ധൂമ്രവർണ്ണവും കടുഞ്ചുവപ്പും ധരിച്ചു പൊന്നും രത്നവും മുത്തും അണിഞ്ഞവളേ, ഇത്രവലിയ സമ്പത്തു ഒരു മണിക്കൂറുകൊണ്ടു നശിച്ചുപോയല്ലോ എന്നു പറഞ്ഞു കരഞ്ഞു ദുഃഖിക്കും. ഏതു മാലുമിയും ഓരോ ദിക്കിലേക്കു കപ്പലേറി***

***പോകുന്ന ഏവനും കപ്പൽക്കാരും കടലിൽ തൊഴിൽ ചെയ്യുന്നവരൊക്കെയും ദൂരത്തുനിന്നു അവളുടെ ദഹനത്തിന്റെ പുക കണ്ടു: മഹാനഗരത്തോടു തുല്യമായ നഗരം ഏതു എന്നു നിലവിളിച്ചു പറഞ്ഞു. അവർ തലയിൽ പൂഴി വാരിയിട്ടുംകൊണ്ടു: അയ്യോ, അയ്യോ, കടലിൽ കപ്പലുള്ളവർക്കു എല്ലാം തന്റെ ഐശ്വര്യത്താൽ സമ്പത്തു വർദ്ധിപ്പിച്ച മഹാനഗരം ഒരു മണിക്കൂറുകൊണ്ടു നശിച്ചുപോയല്ലോ എന്നു പറഞ്ഞു കരഞ്ഞും ദുഃഖിച്ചുംകൊണ്ടു നിലവിളിച്ചു'*** (വെളി. 18).

'യന്ത്രം നിലയ്ക്കുന്നു' എന്ന ശാസ്ത്ര സാങ്കൽപ്പിക കഥയെപ്പറ്റി ചിന്തിച്ചു കൊണ്ടാണ് നാം ഈ ലേഖനം ആരംഭിച്ചത്. തങ്ങളുടെ നിലനിൽപ്പിനു വേണ്ടി യന്ത്രങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന ഒരു ഭാവി സമൂഹത്തിന്റെ തകർച്ചയാണ് അതിന്റെ ഇതിവൃത്തം. വെളിപ്പാട് പുസ്തകത്തിൽ നിന്നുള്ള പ്രവചനം സൂചിപ്പിച്ചുകൊണ്ട് നാം ഇത് അവസാനിപ്പിക്കുകയാണ്. 'മഹതിയാം ബാബിലോനിനെ', പ്രതിനിധീകരിക്കുന്ന വർത്തമാനകാല സംവിധാനത്തിന്റെ പൂർണ്ണമായ തകർച്ചയാണ് വെളിപ്പാട് പുസ്തകത്തിലെ ഈ പ്രവചനത്തിൽ വിവരിക്കുന്നത്.

യന്ത്രം നിലയ്ക്കുമ്പോൾ, ബാബിലോൻ നശിക്കുമ്പോൾ, ഈ ലോകത്തെ നീതിയിൽ ന്യായം വിധിക്കാനും ദൈവം മനുഷ്യർക്ക് സൂക്ഷിക്കാൻ നൽകിയ ഈ ഭൂമിയിൽ അവർ ചെയ്തുവച്ച തെറ്റുകൾ തിരുത്താനും യേശു മശിഹാ ദൈവത്തിന്റെ സർവ്വശക്തിയോടും കൂടെ മടങ്ങിവരും. വെളിപ്പാട് 19 കാണുക. അതിനുശേഷം അദ്ധ്യായം 20 – ൽ, പുനഃസ്ഥാപിക്കപ്പെട്ട യെരുശലേമിൽ നിന്ന് മഹത്വകരമായ 1000 വർഷത്തെ മശിഹായുടെ വാഴ്ചയെപ്പറ്റി പറയുന്നു. അപ്പോൾ ലോകത്തിൽ സമാധാനവും ന്യായവും കൊണ്ടുവരും (യെശ. 2). മനുഷ്യൻ മലിനമാക്കിയ പ്രകൃതിലോകം പുതുതായിത്തീരും (യെശ. 11, 35, സങ്കീ. 72). അതിനുശേഷം അവിടുന്ന് ഈ ലോകത്തിന്റെയും ഈ പ്രപഞ്ചത്തിന്റെയും അന്ത്യം കുറിച്ചിട്ട്, 'നീതി വസിക്കുന്ന' പുതിയ ലോകം സ്ഥാപിക്കും (2 പത്രൊ. 3, വെളി. 21).

ബാബിലോനിൽ തുടരുന്നവർ എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകും. എന്നാൽ, ബാബിലോനിൽ നിന്ന് പുറത്തുവന്ന് യേശു മശിഹായിൽ തങ്ങളുടെ ആശ്രയം വയ്ക്കുന്നവർ ദൈവത്തോടൊപ്പം യെരുശലേമിൽ വസിക്കും. അതുകൊണ്ട്, യന്ത്രം നിശ്ചലമാകുന്നതിനു മുൻപ് (അത് സംഭവിക്കും), യേശു മശിഹാ, വരുവാനുള്ള രാജാവാണ്. യേശു ക്രിസ്തുവിൽ ആശ്രയിക്കുന്നതിലൂടെ വരാൻ പോകുന്ന ദൈവത്തിന്റെ രാജ്യത്തിൽ നിങ്ങൾ ഒരു സ്ഥാനം ഉറപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. *




**'ഇതു ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിപ്പിൻ'**

(എഫെ. 5:16)

# യിസ്രായേലും, ഇറാനും അന്ത്യകാല യുദ്ധവും

**ജൂ**ൺ 30-ന് ഞാൻ ഈ ലേഖനം എഴുതിക്കൊണ്ടിരിക്കുമ്പോൾ യിസ്രായേലിനും ഇറാനുമിടയിൽ മിസൈലുകൾ പായുകയാണ്. യിസ്രായേലികൾ നിലവറയിൽ ഒളിക്കുമ്പോൾ ഇറാനികൾ അവരുടെ നഗരങ്ങളിൽ നിന്ന്



പലായനം ചെയ്യുന്നു. യുദ്ധം സൃഷ്ടിക്കുന്ന ദുരിതവും ഭീകരതയുമാണത്.

ഈ യുദ്ധത്തിന്റെ അടിസ്ഥാന കാരണം തീർത്തും ലളിതമാണ്. ഇറാന്റെ ഇസ്ലാമിക വിപ്ലവ നേതാക്കന്മാരും ആ മേഖലയിലെ അവരുടെ സഖ്യങ്ങൾക്കും യിസ്രായേലിനെ ഉന്മൂലനാശം ചെയ്യണം. നശിക്കാൻ യിസ്രായേലിന് ആഗ്രഹമില്ല. അതുകൊണ്ട്, സ്വയം പ്രതിരോധിക്കാൻ അവർ നിർബന്ധിതരാവുന്നു.

## എന്തിനാണ് ഇറാൻ യിസ്രായേലിനെ നശിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്

തങ്ങളുടെ നിലനിൽപ്പിനു നേരെ വന്ന രണ്ടു ഭീഷണികളെ കൈകാര്യം ചെയ്യാനാണ് യിസ്രായേൽ യുദ്ധം ചെയ്യാനിറങ്ങിയത് — ഇറാൻ ആണവായുധങ്ങൾ വികസിപ്പിക്കുന്നു, ഭൂഖണ്ഡാന്തര മിസൈലുകൾ ഉൽപാദിപ്പിക്കുന്നു (ഒരു വർഷം 3500 എന്ന കണക്കിൽ). രണ്ടും യിസ്രായേൽ രാഷ്ട്രത്തിന്റെയും അതിൽ ജീവിക്കുന്ന ജനങ്ങളുടെയും നിലനിൽപ്പിനു ഭീഷണിയായതുകൊണ്ട്, യിസ്രായേലിന്റെ ആശങ്ക സാധൂകരിക്കത്തക്കതാണ്. ഇറാനെ നിയന്ത്രിക്കുന്നത് അതിന്റെ തീവ്ര ഷിയാ ഇസ്ലാമിക പ്രത്യയശാസ്ത്രമാണ്, അതിന്റെ 'അഗ്നിവലയം' അത് നിർമ്മിച്ചു, ആസാദിന്റെ സിറിയയിൽ അതിന്റെ കേന്ദ്രം സ്ഥാപിച്ചു, ഗാസയിലെയും (ഹമാസ്), ലെബനനിലെയും (ഹിസ്ബുള്ള), ഇറാഖിലെയും യെമനിലെയും (ഹൂത്തികൾ) തീവ്രവാദി സംഘങ്ങൾക്ക് ആയിരക്കണക്കിന് മിസൈലുകൾ നൽകി അവരെ ആയുധവൽക്കരിച്ചു. തങ്ങളുടെ ആത്യന്തികമായ ലക്ഷ്യം അവർ പരസ്യമായി പ്രഖ്യാപിക്കുന്നു — യിസ്രായേലിന്റെ നാശം. യിസ്രായേൽ ഇപ്പോൾ ആരംഭിച്ച യുദ്ധത്തിൽ ഇറാന്റെ ഈ ഭരണ സംവിധാനത്തെ തകർക്കുന്നതിൽ അവർ ശ്രദ്ധേയമായ വിജയം വരിച്ചു.

ഇറാനിലെ മിക്കവർക്കും യിസ്രായേൽ നശിച്ചു കാണാൻ ആഗ്രഹമില്ല. ഇസ്ലാമിക ഭരണകൂടത്തിന്റെ അടിച്ചമർത്തലില്ലാതെ അവരെല്ലാവരും ഒരു സാധാരണ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നു. ഇറാനുള്ള വലിയ ഭൂവിഭാഗങ്ങൾ തങ്ങളുടെ രാജ്യത്തിന്റെ നിർമ്മിതിയ്ക്കുവേണ്ടി ഉപയോഗിക്കുന്നത് കാണാനാണ് അവർ ആഗ്രഹിക്കുന്നത്. ഉപയോഗ ശൂന്യമായ യുദ്ധങ്ങളിലും ആയുധ നിർമ്മാണത്തിലും അവരുടെ നേതാക്കന്മാർ സമയവും സമ്പത്തും ചെലവാക്കുന്നത് കണ്ട് അവർ മടുത്തിരിക്കുന്നു. അവർക്ക് അതിലൊന്നും യാതൊരു താത്പര്യവുമില്ല. തങ്ങളുടെ രാജ്യത്തെയും പരിസ്ഥിതിയെയും മഥിക്കുന്ന നിതാന്ത പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് അവർ ആഗ്രഹിക്കുന്നത്.

അന്ത്യനാളുകൾക്കു വെളിച്ചം

ഇറാനുമായോ അറബ് രാജ്യങ്ങളുമായോ യുദ്ധത്തിൽ ഏർപ്പെടാൻ യിസ്രായേലികൾ ആഗ്രഹിക്കുന്നില്ല. തങ്ങളുടെ ദേശത്ത്, കൃഷിയിലും വൈദ്യശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലും അവർ സ്വായത്തമാക്കിയ ആശ്ചര്യപ്പെടുത്തുന്ന നേട്ടങ്ങൾ അവരുടെ അയൽ രാജ്യങ്ങളുമായി പങ്കുവയ്ക്കാനാണ് അവർ കൂടുതലായി ആഗ്രഹിക്കുന്നത്. സ്വതന്ത്രവും സമ്പൽസമൃദ്ധവുമായ ജീവിതം നയിക്കുന്നതിൽ അവരെ സഹായിക്കാൻ യിസ്രായേൽ ജനത ആഗ്രഹിക്കുന്നു. എന്നാൽ, അയൽരാജ്യങ്ങളാൽ നശിക്കപ്പെടാനോ അല്ലെങ്കിൽ കൊല്ലപ്പെടാനോ അല്ലെങ്കിൽ ഭീതിപ്പെടാനോ അവർ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, തങ്ങളുടെ സുരക്ഷയ്ക്കുവേണ്ടി അവർ ചുവട് വയ്പ്പുകൾ എടുക്കുന്നു.

ആരെയാണ് പഴിക്കേണ്ടത്? പ്രായോഗികമായി എല്ലാവരും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഒക്ടോബർ 7-ന് ഗാസായുദ്ധം ആരംഭിച്ചത് ഹമാസ് (ഇറാന്റെ പിന്തുണയുള്ള) യിസ്രായേലിനെ ആക്രമിച്ചപ്പോഴാണ്. അഗ്നിച്ചുളയ്ക്ക് (Holocaust) ശേഷം യെഹൂദന്മാർക്ക്നേരെ നടന്ന ഏറ്റവും വലിയ ഈ അക്രമം, ഒരൊറ്റ ദിവസത്തിൽ നടന്ന ഏറ്റവും വലിയ ജൂത കൂട്ടക്കൊലയായിരുന്നു. അതിന്റെ അനന്തരഫലം, രണ്ടു കൂട്ടർക്കും, യെഹൂദർക്കും പാലസ്തീനികൾക്കും ഭീകരമായിരുന്നു. ബോംബാക്രമണത്തിൽ തകർന്ന ഗാസയിലെ കെട്ടിടങ്ങളും ഗാസയിലെ ജനങ്ങളുടെ ദുരിതങ്ങളും സ്ഥിരമായി ടെലിവിഷൻ സ്ക്രീനിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. അതേസമയം ബന്ദികളാക്കപ്പെട്ടവരുടെ വേദനയും ജനങ്ങളുടെ ജീവിതത്തിലും സാമ്പത്തിക രംഗത്തും യുദ്ധം വരുത്തിവെച്ച പരിണിതഫലങ്ങളും യിസ്രായേലിലെ കഠിന യാഥാർത്ഥ്യങ്ങളാണ്.

അവിടെ സംഭവിച്ചതിനെല്ലാം എല്ലാവരും യിസ്രയേലിനെ കുറ്റം പറയുകയാണ്. പുരോഗമനവാദികളുടെയും ഇടതുപക്ഷക്കാരുടെയും ശ്രേമ്യ വിരുദ്ധരായ തീവ്ര വലതുപക്ഷക്കാരുടെയും ഇസ്ലാമികവാദികളുടെയും ഒരു ആഗോള സഖ്യം ഉയർന്നുവന്ന് യിസ്രയേലിനെതിരെ വെറുപ്പ് പ്രകടിപ്പിക്കുകയാണ്. പാശ്ചാത്യ രാജ്യങ്ങളിൽ ജൂത വംശജർ ശേമ്യ വിരുദ്ധ അതിക്രമങ്ങൾക്ക് ഇരയാകുന്നു. യിസ്രയേലിന്റെ സുഹൃത്തുക്കളായ ക്രൈസ്തവർ വളരെ ചെറിയ ഒരു ന്യൂനപക്ഷമായി മാറിക്കൊണ്ടിരിക്കുന്നു. അതേസമയം, ഭൂരിപക്ഷം വ്യവസ്ഥാപിത സഭകളും ഈ വിഷയത്തിന്റെ കാര്യത്തിൽ നിശ്ശബ്ദത പാലിക്കുന്നു.

ഈ ദുരിതത്തിന്റെ യഥാർത്ഥ കാരണം വളരെ ചുരുക്കം ചിലർ മാത്രമേ ചൂണ്ടിക്കാണിക്കുന്നുള്ളൂ, യിസ്രായേലിന്റെ ഉന്മൂലന നാശം ലക്ഷ്യമിടുന്ന ഇറാന്റെ ക്രൂരന്മാരായ സേനകളും അവരുടെ സഖ്യകക്ഷികളായ ഹമാസും ഹൂത്തികളുമാണത്.

ഹമാസ് അവരുടെ സ്വന്തം ജനതയെ കുരുതി കൊടുക്കുകയാണ്, ജനവാസ മേഖലയിൽ അവർ ആയുധശേഖരങ്ങളും അവരുടെ സൈനിക പോസ്റ്റുകളും സ്ഥാപിക്കുന്നു, ജനങ്ങൾക്ക് ലഭിക്കേണ്ട സഹായം അവർ മോഷ്ടിക്കുന്നു, അതിനുശേഷം ഈ ദുരവസ്ഥയുടെ കുറ്റം യിസ്രയേലിന്മേൽ അടിച്ചേൽപ്പിക്കുന്നു.

## യഥാർത്ഥ വാഗ്ദാനം

'യിസ്രയേൽ ടുഡേയിൽ' വന്ന ഒരു ലേഖനം പറയുന്നത്, 'ഞങ്ങളിപ്പോൾ സാക്ഷ്യം വഹിക്കുന്നത് പശ്ചിമേഷ്യയിലെ മറ്റൊരു യുദ്ധമല്ല. വാഗ്ദാനങ്ങളുടെയും പ്രവാചക ദർശനങ്ങളുടെയും മശിഹൈക പ്രതീക്ഷകളുടെയും ഏറ്റുമുട്ടലാണത്. യിസ്രയേലും ഇറാനും തമ്മിലുള്ള യുദ്ധം ഒരു രാഷ്ട്രീയ ഏറ്റുമുട്ടിനേക്കാൾ അധികമാണ്; രക്ഷാ ചരിത്രത്തിൽ അതൊരു മുൻനിരയാണ്. അറബ് മാധ്യമങ്ങളിലും സാമൂഹ്യ മാധ്യമങ്ങളിലും ആവ

ർത്തിച്ച് പ്രത്യക്ഷപ്പെടുന്ന ഒരു പ്രയോഗമാണ് 'യഥാർത്ഥ വാഗ്ദാനം.' ഈ പേര് ഒരു ആത്മീയ യാഥാർത്ഥ്യത്തിലേക്കുള്ള താക്കോലായി മാറുന്നു. അത് യുദ്ധത്തിന് അന്ത്യകാല സംഭവങ്ങളുടെ നിറം നൽകുന്നു. ആർക്കാണ് സത്യദൈവത്തെ അവകാശപ്പെടാൻ കഴിയുന്നത്. യെരുശലേമോ അതോ മറ്റു ചിലരോ? ബൈബിളിലെ ദൈവമോ അതോ മറ്റാരെങ്കിലുമോ?

യിസ്രയേൽ ദേശത്തേക്ക് യെഹൂദ ജനതയുടെ മടങ്ങിവരവ് ബൈബിൾ വാഗ്ദാനത്തിന്റെ നിവർത്തിയാണെന്നാണ് യെഹൂദ വീക്ഷണം. ദൈവം അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും ചെയ്ത ഉടമ്പടിയാണത്,' നിന്റെ സന്തതിക്കു ഞാൻ ഈ ദേശം കൊടുക്കുമെന്ന്.....' (ഉല്പ. 12:7).

എന്നാൽ അതിനു വിരുദ്ധമായി, ഇറാനിയൻ ഇസ്ലാമിക ബദൽ വീക്ഷണമായ 'യഥാർത്ഥ വാഗ്ദാനം' ബൈബിൾ വാഗ്ദത്തത്തിന്റെ വില കുറച്ചു കാണിക്കുന്നു. അവർ അവരുടേതായ മശിഹൈക അന്ത്യകാല ദൈവശാസ്ത്രം രൂപപ്പെടുത്തിയിരിക്കുന്നു. അതനുസരിച്ച്, യിസ്രായേലിന് വിരുദ്ധമായ പോരാട്ടമാണ് അതിന്റെ മുഖ്യപ്രമേയം. അവിശ്വാസികളുടെമേൽ വിശ്വാസികൾക്കുള്ള വിജയം വാഗ്ദാനം ചെയ്യുന്ന അവരുടെ മതഗ്രന്ഥത്തിലെ വാക്യങ്ങളെയാണ് അത് പരാമർശിക്കുന്നത്.

നാം വെറുമൊരു അധികാര വടംവലിക്കല്ല സാക്ഷ്യം വഹിക്കുന്നത്, ഒരു ആത്മീയ പോരാട്ടമാണ് നാം കാണുന്നത്. അത് അതിർത്തികളെപ്പറ്റിയും അല്ലെങ്കിൽ തന്ത്ര പ്രധാനമായ താല്പര്യങ്ങളെപ്പറ്റിയും മാത്രമല്ല പറയുന്നത്, ചരിത്രത്തെയും രക്ഷയെയും ദൈവത്തിന്റെ ഹിതത്തെയും വ്യാഖ്യാനിക്കുന്ന അധികാരത്തെപ്പറ്റിയാണ് ഇത് പറയുന്നത്. അന്ത്യകാലത്ത് ഒരു തീരുമാനം ബാക്കിയാകുന്നു: നാം ഏതു വാഗ്ദാനമാണ് വിശ്വസിക്കേണ്ടത്?

'ഇവിടെ നാം യിസ്രയേൽ ദേശത്ത് അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവത്തിൽ വിശ്വസിക്കുന്നു. അവിടുന്ന് തന്റെ വാഗ്ദാനം നിവർത്തിക്കും. അതാണ് നാം ഇന്ന് ഹൃദയംകൊണ്ടും മനസ്സുകൊണ്ടും നമ്മുടെ ജീവിതങ്ങൾകൊണ്ടും സംരക്ഷിക്കുന്നത്' എന്ന് എവിയേൽ ഷിൻഡർ പറയുന്നു.

യിസ്രായേലിലെ ഉന്നത ഉദ്യോഗസ്ഥർ, അമേരിക്കൻ അംബാസിഡർ സ്റ്റീവ് വിറ്റ്കോഫിന്റെ പിന്തുണയോടെ പ്രസ്താവിച്ചിരിക്കുന്നത്, അപ്രതീക്ഷിതമായി അനേകം രാഷ്ട്രങ്ങൾ അബ്രാഹാമിക ഉടമ്പടിയിൽ പങ്കുചേരുമെന്നാണ്. ഇവയിൽ സിറിയ, ലബനോൻ ഉൾപ്പെടെയുള്ള യിസ്രായേലിന്റെ പരമ്പരാഗത ശത്രുക്കളും ഉൾപ്പെടും. ഇപ്പോൾ വളർന്നുകൊണ്ടിരിക്കുന്ന അമേരിക്കൻ സമ്മർദ്ദത്താലും, കൂട്ടുകെട്ടുകളിലുള്ള വ്യതിചലനത്താലും പശ്ചിമേഷ്യയിൽ നാടകീയമായ മാറ്റങ്ങൾ ഉണ്ടാകുമത്രെ. ഈ രാഷ്ട്രങ്ങൾ പെട്ടെന്നുതന്നെ സമാധാനത്തിനും ബന്ധങ്ങൾ സാധാരണ നിലയിൽ എത്തിക്കുവാനും ചരിത്രപരമായ നീക്കങ്ങൾ കൈക്കൊള്ളും.

ഇപ്പോഴത്തെ പലതരം റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് അമേരിക്കയുടെ സമ്മർദ്ദത്താൽ ഗാസയിലെ യുദ്ധം ആഴ്ചകൾക്കുള്ളിൽ അവസാനിക്കുമെന്നും, ഈജിപ്റ്റും, യുഎഈയും മറ്റ് രണ്ട് അറബി രാഷ്ട്രങ്ങളും ഗാസയുടെ നിയന്ത്രണം ഏറ്റെടുക്കും എന്നുമാണ്. ഹമാസിനെ പിരിച്ചുവിടുമെന്നും ജാമ്യത്തടവുകാരെ വിട്ടയയ്ക്കുമെന്നും, കുറെ ഗാസ നിവാസികൾക്ക് മറ്റ് രാജ്യങ്ങളിൽ അഭയം നൽകുമെന്നും പറയപ്പെടുന്നു.

ഉന്നത ഉദ്യോഗസ്ഥർ വെളിപ്പെടുത്തുന്നതനുസരിച്ച്, സിറിയയും, സൗദി അറേബ്യയും ലബനോനും ഒരുപക്ഷെ ഇറാഖ് പോലും അബ്രാഹാമിക ഉടമ്പടിയിൽ പങ്കുചേരുമെന്നാണ്.

പകരം യിസ്രായേൽ ഇരുരാഷ്ട്ര പരിഹാരത്തിനു വഴങ്ങുമെന്നും.

ടെൽ അവീവിലെ പരസ്യപ്പലകകളിൽ (bill boards) "പുത്തൻ പശ്ചിമേഷ്യ" എന്നും "അബ്രാഹാമിക കവച പദ്ധതി" എന്നും എഴുതി കാണിക്കുന്നു.

## എന്നാൽ ദൈവം എന്താണ് പറയുന്നത്?

ബൈബിൾ പ്രകാരം ഈ യുഗത്തിന്റെ അവസാനത്തിൽ പശ്ചിമേഷ്യയിൽ ഒരുകൂട്ടം കാര്യങ്ങൾ സംഭവിക്കും. അന്ത്യകാലത്ത് യെഹൂദ ജനത തങ്ങളുടെ ദേശത്തേക്ക് മടങ്ങിവരുമ്പോൾ യിസ്രായേലും യെരൂശലേമും അന്ത്യകാല ബൈബിൾ സംഭവങ്ങളുടെ കേന്ദ്രമായി മാറും.

*'ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽനിന്നുകൂട്ടി സകലദേശങ്ങളിൽ നിന്നും നിങ്ങളെ ശേഖരിച്ചു സ്വന്തദേശത്തേക്കു വരുത്തും. ഞാൻ നിങ്ങളുടെമേൽ നിർമ്മല ജലം തളിക്കും; നിങ്ങൾ നിർമ്മലരായി തീരും, ഞാൻ നിങ്ങളുടെ സകല മലിനതയെയും സകല വിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും. ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുഷ്ഠിക്കും. ഞാൻ നിങ്ങളുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തു നിങ്ങൾ പാർക്കും; നിങ്ങൾ എനിക്കു ജനമായും ഞാൻ നിങ്ങൾക്കു ദൈവമായും ഇരിക്കും'* (യെഹെ. 36: 24-28).

ചുറ്റുപാടുമുള്ള രാജ്യങ്ങളിൽ നിന്ന് ഇതിനെതിരെ എതിർപ്പുണ്ടാകും:

*'ഇതാ, നിന്റെ ശത്രുക്കൾ കലഹിക്കുന്നു; നിന്നെ പകെക്കുന്നവർ തല ഉയർത്തുന്നു. അവർ നിന്റെ ജനത്തിന്റെ നേരെ ഉപായം വിചാരിക്കയും നിന്റെ ഗുപ്തന്മാരുടെ നേരെ ദുരാലോചന കഴിക്കയും ചെയ്യുന്നു. വരുവിൻ, യിസ്രായേൽ ഒരു ജാതിയായിരിക്കാതവണ്ണം നാം അവരെ മുടിച്ചുകളക. അവരുടെ പേർ ഇനി ആരും ഓർക്കരുതു എന്നു അവർ പറഞ്ഞു'* (സങ്കീ. 83:2-4).

യെരുശലേം ആര് ഭരിക്കണം എന്ന കാര്യത്തിൽ വലിയ സംഘർഷം ഉണ്ടാകും:

*'ഞാൻ യെരൂശലേമിനെ ചുറ്റുമുള്ള സകല ജാതികൾക്കും ഒരു പരിഭ്രമപാത്രമാക്കും; യെരൂശലേമിന്റെ നിരോധത്തിങ്കൽ അതു യെഹൂദെക്കും വരും. അന്നാളിൽ ഞാൻ യെരൂശലേമിനെ സകല ജാതികൾക്കും ഭാരമുള്ള കല്ലാക്കി വെക്കും; അതിനെ ചുമക്കുന്നവരൊക്കെയും കഠിനമായി മുറിവേല്ക്കും; ഭൂമിയിലെ സകല ജാതികളും അതിനു വിരോധമായി കൂടിവരും'* (സെഖ. 12:2-3).

യിസ്രായേലിനെയും ലോകത്തെയും നാശത്തിൽ നിന്ന് രക്ഷിക്കാൻ മടങ്ങി വരുന്ന മശിഹയായി കർത്താവു വരും:

*'എന്നാൽ യഹോവ പുറപ്പെട്ടു, താൻ യുദ്ധ ദിവസത്തിൽ പൊരുതതു പോലെ ആ ജാതികളോടു പൊരുതും. അന്നാളിൽ അവന്റെ കാൽ യെരൂശലേമിനെതിരെ കിഴക്കുള്ള ഒലിവു മലയിൽ നില്ക്കും'* (സെഖ. 14:1-9).

യിസ്രായേലുമായി ബന്ധപ്പെട്ട് അന്ത്യകാലത്ത് ഉണ്ടാകുന്ന സംഘർഷങ്ങളെപ്പറ്റി പറയുന്ന നിരവധി വേദഭാഗങ്ങൾ എബ്രായ പ്രവാചകന്മാരുടെ പുസ്തകങ്ങളിലുണ്ട്. യിസ്രായേലിന്റെ വടക്കുള്ള രാജ്യങ്ങളുടെ ഒരു സഖ്യം അവളെ നശിപ്പിക്കാൻ വരുന്ന ഗോഗ് മാഗോഗ് യുദ്ധം ഇതിൽ ഉൾപ്പെട്ടിട്ടുണ്ട് (യെഹെ. 38-39). ഇതിൽ പാർസി (ഇറാൻ) ഉൾപ്പെട്ടിട്ടുണ്ട് (യെഹെ. 38:

5). ഗോഗ് മാഗോഗ് യുദ്ധം നടക്കാൻ പോകുന്ന സമയത്തെപ്പറ്റി വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ട്. ചിലർ പറയുന്നത് അത് പെട്ടെന്ന് സംഭവിക്കുമെന്നാണ്. മറ്റു ചിലർ പറയുന്നത്, അത് മശിഹാ വരുന്നതിന് തൊട്ടുമുമ്പുള്ള യുദ്ധമായ ഹർമ്മഗെദ്ദോന്റെ പര്യായമാണെന്നാണ്.

യിരെമ്യാവ് 49 ഏലാമിനെപ്പറ്റി പറയുന്നു (ആധുനിക ഇറാന്റെ പടിഞ്ഞാറൻ പ്രദേശത്തിന്റെ ബൈബിൾ പേരാണ് ഏലാം).

***'സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഏലാമിന്റെ മുഖ്യബലമായ അവരുടെ വില്ലു ഒടിച്ചുകളയും. ഞാൻ ഏലാമിന്റെ നേരെ ആകാശത്തിന്റെ നാലു ദിക്കിൽനിന്നും നാലു കാറ്റുവരുത്തി ഈ എല്ലാകാറ്റുകളിലേക്കും അവരെ ചിന്നിച്ചുകളയും; ഏലാമിന്റെ ഭ്രഷ്ടന്മാർ ചെല്ലാത്ത ഒരു ജാതികളും ഉണ്ടായിരിക്കയില്ല. ഞാൻ ഏലാമ്യരെ അവരുടെ ശത്രുക്കളുടെ മുമ്പിലും അവർക്കു പ്രാണഹാനി വരുത്തുവാൻ നോക്കുന്നവരുടെ മുമ്പിലും ഭ്രമിപ്പിക്കും; ഞാൻ അവർക്കു അനർത്ഥം, എന്റെ ഉഗ്രകോപം തന്നേ, വരുത്തും എന്നു യഹോവയുടെ അരുളപ്പാടു ഞാൻ അവരുടെ പിന്നാലെ വാൾ അയച്ചു അവരെ മുടിച്ചുകളയും. ഞാൻ എന്റെ സിംഹാസനത്തെ ഏലാമിൽ സ്ഥാപിച്ചു അവിടെ നിന്നു രാജാവിനെയും പ്രഭുക്കന്മാരെയും നശിപ്പിച്ചുകളയും എന്നു യഹോവയുടെ അരുളപ്പാടു. എന്നാൽ ഒടുക്കം ഞാൻ ഏലാമിന്റെ പ്രവാസം മാറ്റും എന്നു യഹോവയുടെ അരുളപ്പാടു'*** (യിരെ. 49: 35-39).

മശിഹൈക യെഹൂദ സംഘമായ ഒൺ ഫോർ യിസ്രായേൽ തയ്യാറാക്കിയ ഒരു ലേഖനത്തിന്റെ ഒരു ഭാഗം താഴെ കൊടുക്കുന്നു:

'യിരെമ്യാവ് 49-ൽ, നാം അന്ത്യകാലത്തെപ്പറ്റി വായിക്കുന്നു. അപ്പോഴാണ് ഏലാമിന്റെ ജനം (ഇറാന് ഉള്ളിൽ സ്ഥിതിചെയ്യുന്ന)ലോകത്തെങ്ങും ചിതറിക്കപ്പെടുന്നത്. ഏലാം ഒരു പുരാതന രാഷ്ട്രമാണ്, പുരാതന പേർഷ്യ അതിന്റെ ഭാഗമായിരുന്നു. ഭൂമിശാസ്ത്രപരമായി അത് ഇന്നത്തെ ഇറാനിലാണ്. ഇറാനിലെ ജനതയുടെ ചിതറിപ്പോക്ക് 1970-80 കളിലെ ഇസ്ലാമിക വിപ്ലവം മൂലമാണ് ഉണ്ടായത്. അത് ഇന്നും തുടരുന്നു. ക്രൂരന്മാരായ ഇറാനിലെ ഭരണാധികാരികളുടെ പീഡനം കാരണം ക്രൈസ്തവ രാജ്യങ്ങളിലേക്ക് ഓടിപ്പോയി ഇറാന്റെ ജനതയിൽ നിരവധിപേർ യേശുവിൽ വിശ്വാസം കണ്ടെത്തിയിട്ടുണ്ട്. ഇറാനിൽ നിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് 50,000 മോസ്കുകളാണ് അവിടെ അടച്ചുപൂട്ടിയതെന്നാണ്. കൂടാതെ, ഒരു ദശലക്ഷം ക്രൈസ്തവ വിശ്വാസികൾ ഇന്ന് ഇറാനിലുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

അവരുടെ നേതാക്കന്മാർക്ക് നേരെ ന്യായവിധി വരുന്നതിനെപറ്റി യിരെമ്യാവ് വിവരിക്കുന്നു: ദൈവം ഏലാമിന്റെ 'മുഖ്യ ബലമായ' അവരുടെ 'വില്ലു ഒടിച്ചുകളയും.' ആയുധങ്ങൾ അയക്കുവാനുള്ള അവരുടെ ശക്തിയെപ്പറ്റിയാണ് ഇത് സൂചിപ്പിക്കുന്നത്. ദൈവം അവരുടെ 'രാജാവിനെയും പ്രഭുക്കന്മാരെയും നശിപ്പിച്ചുകളയും' എന്നും നാം കാണുന്നു. അവരുടെ നേതൃത്വം ഭ്രഷ്ടന്മാരാകും. എന്നാൽ 'ഒടുവിൽ,' ദൈവം ആ ജനതയുടെ 'പ്രവാസം മാറ്റുമെന്നും' നാം കാണുന്നു. 'പ്രവാസികളെ മടക്കി വരുത്തുമെന്ന്' ആ പ്രയോഗത്തെ പരിഭാഷപ്പെടുത്താം. ഈ പ്രയോഗം തിരുവചനത്തിൽ നിരവധി സ്ഥാനങ്ങളിൽ കാണാൻ കഴിയും. ദൈവം ശത്രുവിന്റെ പാളയത്തെ ആക്രമിച്ച് ജനത്തെ കൂട്ടിവരുത്തുന്നതിനെയാണ് അത് സൂചിപ്പിക്കുന്നത്. ഇറാന്റെ ജനതയെ സംബന്ധിച്ച് ഇത് സദ്വാർത്തയാണ്. ഇതാണ് ഞങ്ങളുടെ പ്രത്യാശയും പ്രാർത്ഥനയും: വില്ലൊ

ടിച്ച് രാജാക്കന്മാരെ നിഷ്കാസനം ചെയ്യുന്നതും, അതിന്റെ പ്രവാസികൾക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതും... ഒടുവിൽ ദൈവത്തിന്റെ മഹത്ത്വപരമായ രാജ്യം ഇറാനിലേക്ക് വരുന്നതും.

## യാക്കോബിന്റെ കഷ്ടകാലം

ഇവിടെ പറഞ്ഞിരിക്കുന്ന പ്രവാസം മാറ്റുന്ന പ്രക്രിയ മശിഹായുടെ മടങ്ങിവരവിലൂടെ മാത്രമേ സാധിക്കൂ. അതിനുശേഷം ലോകമൊട്ടാകെ അവിടുത്തെ രാജ്യം സ്ഥാപിതമാകും. യേശു മത്തായി 24-ൽ പ്രവചിച്ചത് പോലെ ആ സമയത്തിന് മുമ്പ് മഹോപദ്രവത്തിന്റെ ഒരു കാലമുണ്ടാകും. എബ്രായ പ്രവാചകനായ യിരെമ്യാവ് അതുപോലൊരു സമയത്തെപ്പറ്റി അധ്യായം 30-ൽ പ്രവചിച്ചിട്ടുണ്ട്. ആ കാലയളവിനെ യാക്കോബിന്റെ കഷ്ടകാലമെന്ന് വിളിക്കുന്നു.

യിരെമ്യാ പ്രവചനത്തിന്റെ മുഖ്യ പ്രമേയം യെഹൂദ ജനതയുടെമേൽ വരാൻപോകുന്ന ബാബേലിലേക്കുള്ള പ്രവാസമാണ്. സമീപ ഭാവിക്കപ്പുറമായി, അനാതി വിദൂര ഭാവിയിലേക്കുള്ള പ്രവാചകന്റെ വീക്ഷണവും, യഥാർത്ഥത്തിൽ ഈ യുഗത്തിന്റെ അന്ത്യ നാളുകളെപ്പറ്റി പറയുന്ന വേദഭാഗങ്ങളും ഈ പുസ്തകത്തിലുണ്ട്. ഈ വിഷയം കൈകാര്യം ചെയ്യുന്ന പ്രധാനപ്പെട്ട ഭാഗം 30, 31 അധ്യായങ്ങളാണ്. അധ്യായം 30:24-ൽ നാം വായിക്കുന്നു: 'ഭാവികാലത്തു നിങ്ങൾ അതു ഗ്രഹിക്കും.' അതുകൊണ്ട് ഈ അധ്യായങ്ങൾക്ക്, അന്ത്യകാലവുമായി ബന്ധപ്പെട്ട് യിസ്രയേലിനോട് (ലോകത്തോടും) ഒരു പ്രത്യേക സന്ദേശമുണ്ട്. കർത്താവിന്റെ ദിവസത്തിനും, യേശു മശിഹായുടെ മടങ്ങിവരവിനും മുൻപ് ഈ സംഭവങ്ങളൊക്കെ അനാവരണം ചെയ്യപ്പെടും.

അന്ത്യകാല സംഭവത്തിന് മുൻപ് വലിയൊരു കഷ്ടം യിസ്രായേലിനെ കേന്ദ്രീകരിച്ച് അവസാന ദിവസങ്ങളിൽ ഉണ്ടാകുമെന്ന് യിരെമ്യാ പ്രവാചകൻ പറയുന്നു. യിസ്രയേലിന്റെ പുനഃസ്ഥാപനത്തിനും ദേശത്തിലേക്കുള്ള യെഹൂദ ജനതയുടെ മടങ്ങിവരവിനും ശേഷം ഇത് സംഭവിക്കും: ***'ഞാൻ യിസ്രായേലും യെഹൂദയുമായ എന്റെ ജനത്തിന്റെ പ്രവാസം മാറ്റുവാനുള്ള കാലം വരും എന്നു യഹോവയുടെ അരുളപ്പാടു; ഞാൻ അവരുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തേക്കു അവരെ മടക്കി വരുത്തും; അവർ അതിനെ കൈവശമാക്കും എന്നു യഹോവയുടെ അരുളപ്പാടു.'***

'അവരുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തേക്കു' എന്ന പ്രയോഗം ദൈവം അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും ചെയ്ത ഉടമ്പടിയെ സൂചിപ്പിക്കുന്നു. ഉല്പത്തി പതിനഞ്ചിൽ ദൈവം പറയുന്നത് അവൻ ദേശത്തിന്റെ അവകാശം അബ്രാഹാമിന്റെ മക്കൾക്ക് യിസ്ഹാക്കും യാക്കോബും വഴി കൊടുക്കുമെന്നാണ് (ഉല്പ. 15:1-7, 17: 5-8 26:1-5, 28: 13-15).

ജാതീയ രാജ്യങ്ങൾക്കുള്ള അടയാളമായും ഈ സംഭവത്തെ കാണാം, ***'ജാതികളേ, യഹോവയുടെ വചനം കേൾപ്പിൻ! ദൂര ദ്വീപുകളിൽ അതിനെ പ്രസ്താവിപ്പിൻ! യിസ്രായേലിനെ ചിതറിച്ചവൻ അവനെ കൂട്ടിച്ചേർത്തു, ഒരിടയൻ തന്റെ കൂട്ടത്തെ കാക്കുന്നതുപോലെ അവനെ കാക്കും എന്നു പറവിൻ'*** (31:10). ദൂര ദ്വീപുകൾ എന്ന് അർത്ഥമാക്കുന്നത് പശ്ചിമേഷ്യയിൽ നിന്ന് വളരെ അകലെയുള്ള, പേരുകൊണ്ട് പ്രവാചകന്മാർക്ക് അറിയാത്ത ബ്രിട്ടൻ, അമേരിക്ക പോലുള്ള രാജ്യങ്ങളാണ്. യിസ്രായേൽ ദേശത്തിലേക്കുള്ള യെഹൂദ ജനതയുടെ മടങ്ങി വരവിനെ മറ്റു രാജ്യങ്ങൾ സ്വാഗതം ചെയ്യുകയോ പിന്തുണയ്ക്കുകയോ ചെയ്യില്ല. അവരിൽ മിക്കവരും സങ്കീർത്തനങ്ങൾ 83-ൽ കാണുന്ന വാക്കുകളെ പോലെ

അവരെ നശിപ്പിക്കാൻ ആഗ്രഹിക്കും, ***'വരുവിൻ, യിസ്രായേൽ ഒരു ജാതിയായിരിക്കാതവണ്ണം നാം അവരെ മുടിച്ചുകളക. അവരുടെ പേർ ഇനി ആരും ഓർക്കരുതു.'***

ഇത് അത്യപൂർവ്വമായ ഒരു കഷ്ടകാലത്തിലേക്ക്, യാക്കോബിന്റെ കഷ്ടകാലം എന്നറിയപ്പെടുന്ന കാലയളവിലേക്ക് നയിക്കും. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ***'നാം നടുക്കത്തിന്റെ മുഴക്കം കേട്ടിരിക്കുന്നു; സമാധാനമല്ല, ഭയമത്രെ ഉള്ളതു. പുരുഷൻ പ്രസവിക്കുമാറുണ്ടോ എന്നു ചോദിച്ചുനോക്കുവിൻ! ഏതു പുരുഷനും നോവുകിട്ടിയ സ്ത്രീയെപ്പോലെ കൈ നടുവിനു കൊടുത്തിരിക്കുന്നതും ഏതു മുഖവും വിളറിയിരിക്കുന്നതും ഞാൻ കാണുന്നതു എന്തു? ആ നാൾപോലെ വേറെ ഇല്ലാതവണ്ണം അതു വലുതായിരിക്കുന്നു കഷ്ടം! അതു യാക്കോബിനു കഷ്ടകാലം തന്നേ; എങ്കിലും അവൻ അതിൽനിന്നു രക്ഷിക്കപ്പെടും.'***

ഈ സമയത്ത് നിരവധി പേർ സമാധാനത്തിനു വേണ്ടി അന്വേഷിക്കും. എന്നാൽ സമാധാനത്തിന് പകരം ഭയത്തിന്റെയും വിറയിലിന്റെയും ഒരു സമയം അവർ അഭിമുഖീകരിക്കും. ഈ കഷ്ടകാലത്തെ ഒരു സ്ത്രീയുടെ ഈറ്റുനോവായും പരാമർശിക്കുന്നു. അന്ത്യകാലത്ത് ഭൂമിയിൽ വരാൻ പോകുന്ന കഷ്ടകാലത്തെ സൂചിപ്പിക്കാൻ ഈ ചിത്രം തിരുവെഴുത്തിലെമ്പാടും ഉപയോഗിച്ചിരിക്കുന്നു. യെശയ്യാവ് 21:3, 1 തെസ്സ. 5:3 എന്നീ വേദഭാഗങ്ങൾ കാണുക. കർത്താവിന്റെ മടങ്ങിവരവിന്റെ അടയാളങ്ങളെപ്പറ്റി ശിഷ്യന്മാർ യേശുവിനോട് ചോദിച്ചപ്പോൾ താൻ ഈ സംഭവങ്ങൾ അടയാളങ്ങളായി നൽകി:

***'എന്നാൽ അതു അവസാനമല്ല; ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ'*** മത്തായി 24:7-8.

ഈ കഷ്ടങ്ങളെ ഒരു സ്ത്രീയുടെ ഈറ്റുനോവിനോട് ഉപമിക്കുന്നു. ഒരു സ്ത്രീയുടെ പ്രസവം അടുക്കുമ്പോൾ ആഘാതത്തിന്റെയും അല്ലെങ്കിൽ സങ്കോചത്തിന്റെയും ഒരു പരമ്പര തന്നെ അവൾ അനുഭവിക്കേണ്ടിവരുന്നു. കുഞ്ഞിന്റെ ജനനത്തോട് അടുക്കുമ്പോൾ ഇതെല്ലാം കൂടുതൽ തീവ്രമായി മാറുന്നു. ഈ പ്രക്രിയ ആരംഭിച്ചാൽ അതിൽ നിന്ന് ഒരു തിരിച്ചുപോക്കില്ല. ഒരു കുഞ്ഞു ആരോഗ്യത്തോടെ ജനിക്കുമ്പോൾ ഈ വേദനാജനകമായ അനുഭവങ്ങൾ സന്തോഷത്തിന്റെ വാർത്തയ്ക്ക് വഴിയൊരുക്കുന്നു.

യിരെമ്യാവു 30-ൽ സൂചിപ്പിച്ചിരിക്കുന്ന യാക്കോബിന്റെ കഷ്ടകാലം യേശു മത്തായി 24:21-22-ൽ പറഞ്ഞ ലോകത്തിലാകമാനം ഉണ്ടാകാൻ പോകുന്ന പൊതുവായ കഷ്ടത്തിന്റെ കാലത്തിന്റെ ഭാഗമായിരിക്കും: ***'ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനി മേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും.'***


ഈ കഷ്ടകാലത്തിൽ നിന്ന് യിസ്രയേലിനെ രക്ഷിക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്യുന്നു. കൂടാതെ, കർത്താവിനെ സേവിക്കാൻ അവരെ കൊണ്ടുവരുമെന്നും പറയുന്നു. ***'അവർ തങ്ങളുടെ ദൈവമായ യഹോവയെയും ഞാൻ അവർക്കു എഴുന്നേല്പിപ്പാനുള്ള രാജാവായ ദാവീദിനെയും സേവിക്കും'*** (വാ 8:9). ദാവീദ് പുത്രനായ മശിഹായെയാണ് അവരുടെ രാജാവായ ദാവീദ് എന്ന് ഉദ്ദേശിക്കുന്നത്. കർത്താവിന്റെ നാമത്തിൽ യിസ്രായേലിനെ വിടുവിക്കാൻ അവിടുന്ന് വരും.

യിസ്രായേലിനെ പുതിയ ഉടമ്പടിയിലേക്ക് കൊണ്ടുവരാൻ ദൈവം ആഗ്രഹിക്കുന്നു. അതുമൂലം അവരുടെ പാപങ്ങൾ മോചിക്കപ്പെടും, അവർ കർത്താവിനെ അറിയാൻ ഇടവരും, അവന്റെ ചട്ടങ്ങൾ അവരുടെ ഹൃദയങ്ങളിൽ എഴുതപ്പെടും. ഈ പുതിയ ഉടമ്പടി യേശു മശിഹാ മുഖാന്തരം യാഥാർത്ഥ്യമായി. കർത്താവിന്റെ കഷ്ടം അനുഭവിക്കുന്ന ദാസനെപ്പറ്റിയുള്ള പ്രവചനങ്ങൾ അവിടുത്തെ മരണത്താലും ഉയർപ്പിനാലും നിവൃത്തിയായി (സങ്കീ. 22, യെശ. 53 കാണുക).

അന്ത്യകാലത്തിലെ പ്രശ്നങ്ങളുടെ നടുവിൽ, യിസ്രായേലിന്റെ കഷ്ടകാലത്തിന്റെ മധ്യത്തിൽ യെഹൂദ ജനതയെ തന്നിലേക്ക് ആകർഷിക്കാനുള്ള പ്രക്രിയ ദൈവം ആരംഭിക്കും. സെഖ. 12:10, അന്ത്യകാലത്ത് യെഹൂദ ജനത കുത്തീട്ടുള്ളവങ്കലേക്കു നോക്കുമെന്ന പ്രവചനം വെളിപ്പെടുത്തുന്നു. *'ഞാൻ ദാവീദ് ഗൃഹത്തിന്മേലും യെരൂശലേം നിവാസികളുടെമേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും; തങ്ങൾ കുത്തീട്ടുള്ളവങ്കലേക്കു അവർ നോക്കും; ഏകജാതനെക്കുറിച്ചു വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വിലപിക്കും; ആദ്യജാതനെക്കുറിച്ചു വ്യസനിക്കുന്നതുപോലെ അവൻ അവനെക്കുറിച്ചു വ്യസനിക്കും.'*

പ്രവചന നിവർത്തിയായി, യേശു ക്രൂശീകരണത്താൽ മരിച്ചു, തന്റെ കൈകാലുകൾ തുളയ്ക്കപ്പെട്ടു (സങ്കീ. 22, യെശ. 53). യേശുവിനെ മശിഹായായി തിരിച്ചറിയുന്നത് അന്ത്യകാലത്ത് അനുഗ്രഹത്തിന്റെ ഉറവ യെഹൂദ ജനത്തിലേക്ക് ഒഴുകി അവരുടെ അശുദ്ധി കഴുകിക്കളയാൻ കാരണമാകും (സെഖ. 13:1). മശിഹായെ സ്വീകരിക്കുമ്പോൾ ചൊല്ലുന്ന പരമ്പരാഗത സ്വാഗത വാക്കുകൾ കൊണ്ട് അന്ത്യകാലത്ത് തന്നെ യെഹൂദ ജനത സ്വീകരിക്കുമെന്ന് യേശു പറഞ്ഞു, *'കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ'* (മത്താ. 23:39).

*'അനേക വംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപദേശവും യെരൂശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും. അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹുവംശങ്ങൾക്കു വിധി കല്പിക്കയും ചെയ്യും; അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും; ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല'* (യെശ. 2: 1-4).*




ഈ പുസ്തകം ഇംഗ്ലീഷിൽ ലഭ്യമാണ്.

# ക്രിസ്തു മാർഗ്ഗം 2 .0 – ക്രിസ്തു വിശ്വാസം ആധുനിക യുഗത്തിനുവേണ്ടി — ദൈവം മനസ്സുമാറ്റിയോ?



**ആധുനിക ചിന്താധാരയിലെ മാറ്റങ്ങൾ കാരണം ദൈവം ഇത് സ്വീകരിക്കാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നു, ഇന്നത്തെ സ്ത്രീകളുടെയും പുരുഷന്മാരുടെയും താത്പര്യത്തിനനുസരിച്ച് അവിടുന്നു തന്റെ വഴികൾ മാറ്റിയിരിക്കുന്നു. അതുകൊണ്ട് ദൈവം തന്റെ പദ്ധതികൾ കാലികമാക്കിയിരിക്കുന്നു.... അതു കൊണ്ട്: ‘ക്രിസ്തു മാർഗ്ഗം 2.0’ അതോ ദൈവത്തിന്റെ പത്തിന പദ്ധതി ‘ബി’യോ.**

**ദൈ**വത്തെപ്പറ്റിയും ക്രിസ്തീയ വിശ്വാസത്തെപ്പറ്റിയും ഇന്നത്തെ മത രഹിത പശ്ചാത്യ സംസ്ക്കാരത്തിൽ കേൾക്കുന്ന പ്രസിദ്ധമായ ചില സമ കാലിക അഭിപ്രായങ്ങൾ മാർക്ക് ഹാരി സൺ ക്രോഡീകരിച്ചിരിക്കുന്നു.

## 1. എല്ലാ മതങ്ങളും ദൈവത്തിലേക്ക് നയിക്കുന്നു

‘മാർപ്പാപ്പയും രാജാവും പോലും അത് പറയുന്നു.’ ‘നിരവധി മതങ്ങളിൽ ഒന്നു മാത്രമാണ് ക്രിസ്തീയ വിശ്വാസം.’ ‘ഞാൻ തെരഞ്ഞെടുക്കുന്നതാണ് എന്റെ മതം – അവയെല്ലാറ്റിൽ നിന്നും മികച്ച കാര്യങ്ങൾ ഞാൻ എടുക്കുന്നു. അത് ഞാൻ വിശ്വസിക്കുന്നു.’

## 2. എല്ലാവരും ക്രിസ്ത്യാനികളാണ് –

‘ ഞാൻ ഒരു ക്രിസ്ത്യാനിയാണ്. കാരണം, ഞാൻ ആളുകളോട് ദയ കാണിക്കുന്നു ഞാൻ സഭയിൽ പോ കാത്തതുകൊണ്ട്, അല്ലെങ്കിൽ ബൈ ബിൾ വായിക്കുകയോ വിശ്വസിക്കു കയോ ചെയ്യാത്തതുകൊണ്ട് ഞാൻ ഒരു ക്രിസ്ത്യാനി അല്ലാതാവുന്നില്ല.’ “ഞാൻ ‘സുവർണ്ണ പ്രമാണ’വും 10 കല്പനകളിൽ മിക്കവയും അനുസരി ക്കുന്നു – അതുകൊണ്ട് എനിക്കു കുഴപ്പമില്ല.”

## 3. മരിക്കുമ്പോൾ എല്ലാവരും സ്വർഗ്ഗ ത്തിൽ പോകുന്നു –

‘എന്റെ പിതാവ് / മാതാവ് / അമ്മാ വൻ / അമ്മായി/ സ്വന്തക്കാർ, അ ടുത്ത അയൽക്കാർ തുടങ്ങിയവർ എന്നെ നിന്ദാപൂർവ്വം നോക്കുകയും വീക്ഷിക്കുകയും ചെയ്യുന്നുവെന്ന് എനിക്കറിയാം.’ ‘ഞാൻ നല്ലൊരു വ്യക്തിയാണ് അതുകൊണ്ട് ഞാൻ സ്വർഗ്ഗത്തിൽ പോകും (സ്വർഗ്ഗം ഉണ്ടെങ്കിൽ)’ ‘നരകം എന്ന വസ്തുതയില്ല, ഇതിന് വിരുദ്ധമായി പറയുന്നവൻ കള്ളനാണ്.’

## 4. യേശു ഒരു നല്ല മനുഷ്യനായിരുന്നു –

‘താൻ അങ്ങനെ മരിക്കേണ്ടിവന്നത് നിന്ദ്യമായിരുന്നു.’

## 5. ബൈബിൾ നല്ലൊരു പുസ്തകം

‘അതിൽ ഏതാണ് സത്യമെന്നും ഏത് സത്യമല്ലെന്നും തീരുമാനിക്കാ നുള്ള പൂർണ്ണമായ പ്രാപ്തി എനി ക്കുണ്ട്. എന്തായാലും, അത് നിറയെ തെറ്റുകളാണ്. മറ്റൊരു കാലത്തിലെ

പുരുഷന്മാരാണ് അത് എഴുതിയത്. അതുകൊണ്ട് അതിന് ഇന്ന് പ്രസക്തിയില്ല.' 'അതിൽ നിറയെ കുട്ടിക്കഥകളാണ്. നിങ്ങൾക്ക് പ്രായമായി സ്വയമായി ചിന്തിക്കാൻ പ്രാപ്തമാവുമ്പോൾ അതുമൂലം നിങ്ങൾക്ക് വലിയ ഉപകാരമൊന്നുമുണ്ടാകില്ല.'

### 6. പഴയ നിയമ ദൈവം പുതിയ നിയമ ദൈവത്തിൽ നിന്ന് വിഭിന്നമാണ് —

'ദൈവം ഇപ്പോൾ കൂടുതൽ ദയ കാണിക്കുന്നു — പഴയതുപോലെ കോപിക്കുന്നില്ല.' 'ഞാൻ എന്റെ ഇഷ്ടത്തിന് തെരഞ്ഞെടുക്കുന്ന അവൻ / അവൾ/ അത്, ആണ് ദൈവം.' 'ദൈവം മരിച്ചു കഴിഞ്ഞെന്ന് എനിക്ക് തോന്നുന്നു - തന്നെ നമുക്ക് ആവശ്യമില്ല.'

### 7. നാം ജീവിക്കുന്ന രീതിയെപ്പറ്റി ദൈവം തന്റെ മനസ്സ് മാറ്റിയിരിക്കുന്നു –

'സ്വവർഗ്ഗ ലൈംഗികതയും എതിർ ലിംഗ വസ്ത്രധാരണവും തെറ്റാണെന്ന് ദൈവം ഇപ്പോൾ ചിന്തിച്ചിരുന്നു — തന്റെ തെറ്റ് മനസ്സിലാക്കി, മനസ്സ് മാറ്റിയിരിക്കുന്നു.' 'ആംഗ്ലിക്കൻ സഭയും, മെഥഡിസ്റ്റുകളും സ്കോട്ടിഷ് സഭയും മറ്റുള്ളവരും അതിൽ യോജിക്കുന്നു — അവർക്കെല്ലാം തെറ്റ് പറ്റില്ല.' 'രണ്ടു ലിംഗങ്ങളിൽ മാത്രമാണ് ദൈവം ആരംഭിച്ചതെങ്കിലും നാം അതിൽ കൂടുതൽ സൃഷ്ടിച്ചിരിക്കുന്നു.' 'കുഞ്ഞുങ്ങളെ കൊല്ലുന്നതിൽ ഇപ്പോൾ കുഴപ്പമില്ല — എന്റെ ശരീരത്തിന്റെ ഉടമസ്ഥവകാശം എനിക്കാണ്. അതിന് എന്തു സംഭവിക്കുമെന്ന് തീരുമാനിക്കാൻ എനിക്കാണ് അവകാശം.'

### 8. എല്ലാം സ്നേഹമാണ് — ദൈവം സ്നേഹമാണ്

'ദൈവം ഇപ്പോൾ ആരെവേണമെങ്കിലും സ്വർഗ്ഗത്തിലേക്ക് ചേർക്കുന്നു (തീർച്ചയായും മോശക്കാരെ ഒഴിച്ച്).' 'ദൈവം എല്ലാവരെയും സ്നേഹിക്കുന്നുവെന്നും അവരുടെ ലൈംഗിക മുൻഗണനയെ ഗണിക്കാതെ എല്ലാവരെയും അംഗീകരിക്കുന്നുവെന്നും മഴവില്ല് ഓർമ്മിപ്പിക്കുന്നു.'

### 9. സഭ ഒരു മത സാമൂഹ്യ ക്ലബ് ആണ് –

'സംസാരിക്കാനും കാപ്പി കുടിക്കാനുമായി എന്റെ എല്ലാ സുഹൃത്തുക്കളെയും അവിടെയാണ് ഞാൻ സന്ധിക്കുന്നത്. ഞങ്ങൾ നിരവധി ജീവകാരുണ്യ പ്രവർത്തികൾ ചെയ്യുന്നു. സാധനങ്ങൾ വിറ്റ് നൂറുകണക്കിന് രൂപാ ഞങ്ങൾ ശേഖരിക്കുന്നു.' 'ഈസ്റ്റർ, ക്രിസ്മസ്സ് പോലുള്ള പ്രത്യേക വേളകളിൽ ഞാൻ സഭയിൽ പോകുന്നു. കരോൾ പാടാൻ എനിക്ക് ഇഷ്ടമാണ്; മിക്കവാറും ജനങ്ങൾ ഇപ്പോൾ സഭയുടെ കീഴിൽ വിവാഹവും ശവസംസ്കാരവും നടത്തുന്നില്ലെങ്കിലും, അതുപോലുള്ള വിവാഹങ്ങളിലും ശവസംസ്കാരങ്ങളിലും പങ്കെടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു — ഇപ്പോൾ അത് ആയാസരഹിതമാണ്. എന്നാൽ, എനിക്ക് സഭകളിൽ നടക്കുന്ന വിവാഹങ്ങൾ ഇഷ്ടമാണ്. അവ ഏറെ മോടിയുള്ളത്.'

### 10. പാപം ഒരു പഴഞ്ചൻ ആശയമാണ് –

ആരും അതിൽ വിശ്വസിക്കുന്നില്ല - ദൈവം പോലും.

ശേഷം 21-ാം പുറത്ത്

**ശ്രദ്ധിക്കുക**

നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ ഉടൻ ഞങ്ങളെ അറിയിക്കുക. അങ്ങനെയെങ്കിൽ തപാൽ കൂലി നഷ്ടമാകയില്ല.

— പത്രാധിപർ

**ഇവ ഇന്നത്തെ നിരവധി ആളുകളുടെ ജനപ്രിയ അഭിപ്രായങ്ങൾ ആകാം എന്നാൽ, അവ തെറ്റാണ്, തെറ്റാണ്, തെറ്റാണ്. ബൈബിളിലെ യഥാർത്ഥ ദൈവം ഇതാണ് പറയുന്നത്.**

## 1. എല്ലാ മതങ്ങളും ദൈവത്തിലേക്ക് നയിക്കുന്നു. ഒരിക്കലും അല്ല.

ഒരു മതവും ദൈവത്തിലേക്ക് നയിക്കുന്നില്ല. ദൈവം പരിശുദ്ധനാണ്, നാമല്ല. ദൈവം തിന്മയിൽ നിന്നും ഇന്നത്തെ അന്ധകാര ലോകത്തിൽ നിന്നും വേർപെട്ടിരിക്കുന്നു. സകല മനുഷ്യർക്കും ദൈവത്തിനുമിടയിൽ പൂർണ്ണമായ ഒരു അന്തരമുണ്ട്. നമ്മുടെ പാപവും അനുസരണക്കേടുമാണ് അതിന് കാരണം. സ്വന്തം ശ്രമത്താലോ മതത്തിന്റെ സഹായം കൊണ്ടോ അതാർക്കും മറികടക്കാൻ കഴിയില്ല. മതകർമ്മങ്ങൾ, പ്രാർത്ഥന ചൊല്ലൽ, നന്മ പ്രവർത്തികൾ ചെയ്യാൻ ശ്രമിക്കുന്നത്, ജീവകാരുണ്യ പ്രവർത്തനത്തിന് പണം നൽകൽ, ഇവയ്ക്കൊന്നിനും ഈ അന്തരം മറികടക്കാനാവില്ല. ബൈബിൾ പറയുന്നു, ***'നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല'.....'എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സ് ഇല്ലാത്തവരായിത്തീർന്നു'*** (റോമ. 3:10, 23). യേശു ക്രിസ്തുവിന്റെ സത്യസുവിശേഷത്തിലുള്ള വിശ്വാസം മാത്രമാണ് നമ്മെ ദൈവത്തിൽ എത്തിക്കുന്നത്. യേശു പറഞ്ഞു, ***'ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല'*** (യോഹ. 14:6). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവത്തിലേക്കുള്ള വഴി യേശു ക്രിസ്തു മാത്രമാണ്.

## 2. എല്ലാവരും ക്രിസ്ത്യാനികളാണ്. ഒരിക്കലും അല്ല.

ക്രിസ്തു വിശ്വാസി എന്നുവച്ചാൽ, ദയ കാണിക്കുന്ന വ്യക്തിയെന്നോ അല്ലെങ്കിൽ വല്ലപ്പോഴും മത ചടങ്ങുകളിൽ പങ്കെടുക്കുന്ന വ്യക്തിയെന്നോ അല്ലെങ്കിൽ നാമധേയ ക്രൈസ്തവ കുടുംബത്തിൽ ജനിച്ച വ്യക്തിയെന്നോ അർത്ഥമാക്കുന്നില്ല. ദശലക്ഷക്കണക്കിന് ജനങ്ങളാണ് തങ്ങളെ ക്രൈസ്തവരെന്ന് വിളിക്കുന്നത്. എന്നാൽ, മനുഷ്യരിൽ ഒരു ചെറിയ ന്യൂനപക്ഷം മാത്രമാണ് യേശു ക്രിസ്തുവിന്റെ സന്ദേശത്തെ യഥാർത്ഥത്തിൽ അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നത്. അവിടുന്ന് പറഞ്ഞു, ***'വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല' ... 'നിങ്ങൾ പുതുതായി ജനിക്കേണം'*** (യോഹ. 3: 6–8). വീണ്ടും ജനിക്കണമെങ്കിൽ നാം നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ്, യേശു ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിച്ച് അടക്കപ്പെട്ട മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു എന്ന സുവിശേഷത്തിൽ നാം വിശ്വസിക്കണം( 1 കൊരി. 15:3–4). നാം അങ്ങനെ ചെയ്യുമെങ്കിൽ നാം ജീവനിലേക്കുള്ള ഇടുങ്ങിയ പാതയിലാണ്. അങ്ങനെ നാം ചെയ്തില്ലെങ്കിൽ, നാം നാശത്തിലേക്കുള്ള വിശാലമായ പാതയിലാണ് (മത്താ. 7:13–14). അത് ലളിതമാണ്.

## 3. മരിക്കുമ്പോൾ എല്ലാവരും സ്വർഗ്ഗത്തിൽ പോകുന്നു – ഒരിക്കലും ഇല്ല.

നാം മരിക്കുമ്പോൾ, സ്വർഗ്ഗത്തിൽ പോകുന്നവരും നരകത്തിൽ പോകുന്നവരും തമ്മിൽ പൂർണ്ണമായ ഒരു വേർപാടുണ്ട്. ദൈവം വസിക്കുന്ന സ്ഥലത്തെ സ്വർഗ്ഗം എന്നാണ് പറഞ്ഞിരിക്കുന്നത്: '***സിംഹാസനത്തിൽ നിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു: ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവ***

***രോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളയും'*** (വെളി. 21:3-4). രക്ഷയ്ക്കുവേണ്ടി യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതിലൂടെ ഈ ജീവിതത്തിൽ ദൈവവുമായി സമാധാനത്തിലായവർ മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളൂ.

### 4. യേശു ഒരു നല്ല മനുഷ്യനായിരുന്നു – അതേ, അല്ല.

യേശു പാപമില്ലാത്ത ഒരു സമ്പൂർണ്ണ മനുഷ്യനായിരുന്നു. എന്നാൽ അവിടുന്ന് കേവലം ഒരു നല്ല മനുഷ്യനിലും അധികമായിരുന്നു. താൻ സർവ്വശക്തനായ ദൈവം ആയിരുന്നു, ആകുന്നു. നമ്മുടെ വീണ്ടെടുപ്പിന് വേണ്ടി (നമ്മുടെ പാപങ്ങളിൽ നിന്നും രക്ഷിക്കാൻ) അവിടുന്ന് ജഡമായി മാറി (മനുഷ്യരൂപം എടുത്തു യോഹ. 1 :1-14). പാപത്തിന്റെ അന്തിമ യാഗം എന്ന നിലയിൽ നമുക്ക് വേണ്ടി കുരിശിൽ മരിച്ചതിലൂടെ അവിടുന്ന് പാപത്തിന്റെ ശിക്ഷ ഏറ്റെടുത്തു, നാം അർഹിക്കുന്ന ശിക്ഷ താൻ വഹിച്ചു. അതിനുശേഷം, അനുതപിക്കുകയും സുവിശേഷത്തിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് പാപമോചനവും നിത്യജീവനും നൽകാൻ മരിച്ചവരിൽ നിന്ന് കർത്താവ് ഉയിർത്തെഴുന്നേറ്റു. പൗലൊസ് എഴുതി: ***'ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നേ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു. ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു'*** (2 കൊരി. 5:17-19).

### 5. ബൈബിൾ നല്ലൊരു പുസ്തകമാണ്. അതേ, അല്ല.

ബൈബിൾ ഒരു നല്ല പുസ്തകമാണ് - എന്നുള്ള അഭിപ്രായം, അത് ദൈവത്തെപ്പറ്റിയുള്ള സത്യം നമ്മോട് പറയുന്നു. അതേസമയം അത് ദൈവത്തിന്റെ നിസ്തുല്യമായ വചനവുമാണ്. പുരാതന മനുഷ്യർക്ക് പരിശുദ്ധത്മാവാണ് അത് വെളിപ്പെടുത്തി കൊടുത്തത്. കാലത്തിനതീതമായ അതിലെ സത്യങ്ങൾ ഇന്നും നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കാൻ കഴിയും. അത് നിറയെ തെറ്റുകൾ അല്ല. മാനവരാശിക്ക് എവിടെയാണ് തെറ്റുപറ്റിയെന്നുള്ള അതിന്റെ വിശകലനം ആധുനിക ലോകത്തിന് ഇന്നും പ്രസക്തമാണ്. ബൈബിളിൽ അന്ത്യകാല പ്രവചനങ്ങൾ ഉണ്ട്. അത് ഇന്ന് നിറവേറിക്കൊണ്ടിരിക്കുന്നു. ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങൾ യഥാർത്ഥമാണെന്ന് പുരാവസ്തു ശാസ്ത്രത്തിലും ചരിത്രത്തിലും തെളിവുകൾ ഉണ്ട്. ചില വേദഭാഗങ്ങൾ വ്യാഖ്യാനിക്കാൻ പ്രയാസമാണെന്ന് ഞങ്ങൾ അംഗീകരിക്കുന്നു. അതിന്റെ ഉള്ളടക്കത്തെപ്പറ്റി ആളുകൾക്ക് ആത്മാർത്ഥമായ ചോദ്യങ്ങൾ ഉണ്ടെന്നും ഞങ്ങൾ അംഗീകരിക്കുന്നു. എന്നാൽ, അവയ്ക്കൊക്കെ ഉത്തരങ്ങളുണ്ട്. ആത്മാർത്ഥമായി അവ അന്വേഷിക്കുന്നവർക്ക് ഉത്തരം ലഭിക്കും. ജോഷ് മക്ഡവല്ലിന്റെ 'വിധി ആവശ്യമുള്ള തെളിവ്' (Evidence that Demands a verdict, ആമസോണിൽ ലഭ്യമാണ്) എന്ന പുസ്തകം ഇതുപോലുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു.

### 6. പഴയനിയമ ദൈവം പുതിയനിയമ ദൈവത്തിൽ നിന്ന് വിഭിന്നമാണ്. അല്ല, എന്നാൽ...

ദൈവം തന്റെ പ്രകൃതം മാറ്റുന്നില്ല. അവിടുന്ന് നിത്യതയിൽ നിന്ന് നിത്യ

തവരെ നിലനിൽക്കുന്നു. താൻ ഒരു രീതിയിലും, ഒരു രൂപത്തിലും മാറുന്നില്ല. പഴയ നിയമത്തിലും പുതിയ നിയമത്തിലും അവിടുന്ന് ഒരേ ദൈവമാണ്. പഴയ നിയമത്തിൽ ദൈവം തന്റെ സത്യം വെളിപ്പെടുത്തുന്ന രീതി പുതിയ നിയമത്തിൽ നിന്ന് വ്യത്യസ്തമാണ്. പഴയനിയമം ഭൂരിഭാഗവും തന്റെ നിയമത്തിന്റെ വെളിച്ചത്തിൽ (തോറ) യിസ്രയേലിനോടുള്ള ദൈവത്തിന്റെ ഇടപാടുകളെപ്പറ്റി പറയുന്നു. ഇത് പുറപ്പാട് 20-ലും (10 കല്പനകൾ) തുടർന്നുള്ള അധ്യായങ്ങളിലും കാണുന്നു. മോശെ മുഖാന്തരം ദൈവം സീനായിൽ വച്ച് യിസ്രയേലുമായി ചെയ്ത ഉടമ്പടിയെപ്പറ്റി ആ ആധ്യായങ്ങളിൽ പറയുന്നു. അതിന്റെ വിശദാംശങ്ങൾ ലേവ്യ, സംഖ്യ, ആവർത്തന പുസ്തകങ്ങളിലും കാണുന്നു. ദൈവത്തിന്റെ ജനത തന്നെ അനുസരിച്ചു നടക്കുമ്പോൾ ദൈവം അവരെ അനുഗ്രഹിക്കുമെന്നും അവർ തന്നോട് അനുസരണക്കേട് കാട്ടുമ്പോൾ അവിടുന്ന് അവരെ ശിക്ഷിക്കുമെന്നും ആവർത്തന പുസ്തകം പഠിപ്പിക്കുന്നു (47, 28 അധ്യായങ്ങൾ കാണുക ). പഴയ നിയമത്തിലെ ചരിത്ര പുസ്തകങ്ങളും പ്രവചന പുസ്തകങ്ങളും ഈ പ്രമാണങ്ങളുടെ നിവർത്തീകരണത്തെപ്പറ്റി സൂചിപ്പിക്കുന്നു. ലളിതമായി പറഞ്ഞാൽ, നല്ല കാര്യങ്ങൾ (ദൈവത്തിൽ നിന്നുള്ള അനുഗ്രഹങ്ങൾ) യിസ്രായേലിൽ സംഭവിച്ചത് അവർ ദൈവത്തെ അനുസരിച്ചപ്പോഴാണ്. മോശമായ കാര്യങ്ങൾ (ന്യായവിധി) സംഭവിച്ചത് അവർ ദൈവത്തോട് അനുസരണക്കേട് കാട്ടിയപ്പോഴാണ്.

ദൈവം യിസ്രയേലിൽ മശിഹായെ അയക്കുമെന്നും അവിടുന്ന് വാഗ്ദത്തം ചെയ്തു. മശിഹായുടെ വരവുമായി ബന്ധപ്പെട്ട പ്രവചനങ്ങൾ യെശയ്യാവ് 53, സങ്കീ. 22 തുടങ്ങിയ വേദഭാഗങ്ങളിൽ നിവർത്തിക്കപ്പെട്ടു. യേശു നിവർത്തിച്ച മശിഹൈക പ്രവചനങ്ങളെപ്പറ്റിയുള്ള ഒരു ലേഖനം ഞങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആവശ്യപ്പെടുന്നവർക്ക് അത് ലഭ്യമാണ്. പുതിയ ഉടമ്പടിയുടെ വരവിനെപ്പറ്റിയും ദൈവം വാഗ്ദാനം ചെയ്തു. മോശെയുമായി അവിടുന്നുണ്ടാക്കിയ പഴയ ഉടമ്പടിയെ അത് നിവർത്തിക്കും (യിരെ. 31:31-34). ആ ഉടമ്പടി ഇപ്പോൾ പുതിയ നിയമത്തിൽ വെളിപ്പെട്ടിരിക്കുന്നു. ലോകത്തിന്റെ പാപത്തിന്റെ അന്ത്യയാഗമായ യേശു ക്രിസ്തുവിന്റെ രക്തത്താൽ അത് മുദ്രയിടപ്പെട്ടിരിക്കുന്നു (മത്താ. 26:28-29, എബ്രാ. 7-9). ഇന്ന് ദൈവം സകല മാനവരാശിയോടും (യെഹൂദനോടും വിജാതിയനോടും) ഇടപെടുന്നു. രക്ഷയ്ക്കുവേണ്ടി യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർക്ക് പരിശുദ്ധാത്മാവ് മുഖാന്തരം അവൻ തന്റെ സത്യം വെളിപ്പെടുത്തുന്നു.



## 7. നാം ജീവിക്കുന്ന രീതിയെപ്പറ്റി ദൈവം തന്റെ മനസ്സ്മാറ്റിയിരിക്കുന്നു. അല്ല, അല്ല, അല്ല.

സ്വവർഗ്ഗ ലൈംഗികത, ദ്വിലിംഗ ലൈംഗികത, കുഞ്ഞുങ്ങളെ ഗർഭത്തിൽ കൊല്ലുന്ന ഗർഭ ഛിദ്രം, ഇതെല്ലാം ദൈവത്തിന്റെ കണ്ണുകളിൽ തെറ്റാണ്. (ലേവ്യ. 18:22, റോമ.1 :18-32). അതിന്റെ അർത്ഥം അതൊക്കെ ചെയ്യുന്നവരെ ദൈവം വെറുക്കുന്നു എന്നല്ല – അവിടുന്ന് അവരെ സ്നേഹിക്കുന്നു, അവർ അനുതപിച്ച് രക്ഷ പ്രാപിച്ച് അവങ്കലേക്ക് തിരിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. എന്നാൽ, ആധുനിക തത്വശാസ്ത്രങ്ങളുടെയും ജീവിത ശൈലികളുടെയും ആഗ്രഹങ്ങൾക്കും

താൽപര്യങ്ങൾക്കും അനുസരിച്ച് ദൈവം തന്റെ മനസ്സ് മാറ്റുന്നില്ല. നാം മനസ്സ് പുതുക്കി തന്റെ മാറ്റമില്ലാത്ത ധാർമ്മിക പ്രമാണങ്ങൾക്ക് അനുയോജ്യമായി ജീവിക്കുവാൻ അവിടുന്ന് നമ്മോട് പറയുന്നു. ആധുനിക സഭാ നേതാക്കന്മാർക്ക് അവർക്ക് ഇഷ്ടമുള്ളത് പറയാൻ കഴിയും. ഈ കാലഘട്ടത്തിലെ മാറുന്ന മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കുന്നവർക്ക് വേണ്ടി ഇക്കൂട്ടർ പ്രമാണങ്ങൾ മാറ്റുന്നു. എന്നാൽ, ബൈബിളിൽ ദൈവം എന്തു പറയുന്നു എന്ന് അവർ പഠിപ്പിക്കുന്നില്ലെങ്കിൽ, അവർക്ക് ആത്മാക്കളെ നഷ്ടമാകും. സ്വർഗ്ഗത്തിലേക്കു നയിക്കുന്നതിനുപകരം അവർ ജനങ്ങളെ നരകത്തിലേക്കായിരിക്കും നയിക്കുന്നത്. അങ്ങനെയുള്ള സഭാ നേതാക്കളോട് യേശു പറയുന്നു, 'കപട ഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ മനുഷ്യർക്കു സ്വർഗ്ഗരാജ്യം അടെച്ചുകളയുന്നു; നിങ്ങൾ കടക്കുന്നില്ല, കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നതുമില്ല' (മത്താ. 23:13).

## 8. എല്ലാം സ്നേഹമാണ് – ദൈവം സ്നേഹമാണ്. അതേ, അല്ല.

***'ദൈവം സ്നേഹമാണെന്ന്'*** ബൈബിൾ പറയുന്നു (1 യോഹ. 4:15). എന്നാൽ ദൈവത്തിന്റെ സ്നേഹം അറിയുന്നതിന് ഒരു വ്യവസ്ഥയുണ്ട്. ആ പശ്ചാത്തലത്തിൽ ഈ വാക്യം ഇങ്ങനെ പറയുന്നു, ***'പിതാവു പുത്രനെ ലോകരക്ഷിതാവായിട്ടു അയച്ചിരിക്കുന്നു എന്നു ഞങ്ങൾ കണ്ടു സാക്ഷ്യം പറയുന്നു. 'യേശു ദൈവ പുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു. ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നേ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു'*** (1 യോഹ. 4:14-16). മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ദൈവത്തിന്റെ സ്നേഹം മനസ്സിലാക്കുവാൻ ദൈവം യേശുവിനെ ഈ ഭൂമിയിലേക്ക് അയച്ചുവെന്ന് നിങ്ങൾ ആദ്യം വിശ്വസിക്കണം. കൂടാതെ നിങ്ങൾ സ്വയം സ്നേഹത്തിൽ നടക്കണം. മനുഷ്യർ ഈ ലോകത്തിൽ ചെയ്യുന്ന കാര്യങ്ങളായ കൊലപാതകവും കളവു പറച്ചിലും മോഷണവും അധാർമിക ജീവിതവും, ദൈവം സംരക്ഷിക്കാൻ തന്ന ഈ ഗ്രഹത്തെ നശിപ്പിക്കുന്നതും അവിടുന്ന് തീർച്ചയായും ഇഷ്ടപ്പെടുന്നില്ല.

## 9. സഭ ഒരു മത സാമൂഹ്യ കൂട്ടം ആണ്. ഒരിക്കലും അല്ല.

സഭയ്ക്ക് പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന യവന പദം 'എക്ളീസിയ' എന്നാണ്. അതിന്റെ അർത്ഥം വിളിച്ചു വേർതിരിക്കപ്പെട്ടവർ എന്നാണ്. അതൊരു കെട്ടിടമല്ല അതൊരു സംഘടനയല്ല, തീർച്ചയായും, അതൊരു സാമൂഹ്യ കൂടിവരവുമല്ല. അത് ജനങ്ങളാൽ നിർമ്മിക്കപ്പെട്ടതാണ്, പത്രൊസ് അതിനെ വിവരിക്കുന്നത് 'ജീവനുള്ള കല്ലുകൾ' എന്നാണ്. തങ്ങളുടെ ജീവിതത്തിൽ ദൈവത്തിന് സ്തുതി അർപ്പിക്കേണ്ടതിന് രക്ഷിക്കപ്പെട്ടവർ അല്ലെങ്കിൽ യേശുവിലുള്ള വിശ്വാസത്താൽ ഈ ലോകത്തിൽ നിന്ന് വിളിച്ചു വേർതിരിക്കപ്പെട്ടവരാണ് അക്കൂട്ടർ (1 പത്രൊ. 2:5). കർത്താവിനെ ഓർക്കുവാനും, പഠിക്കുവാനും ബൈബിളിൽ നിർദ്ദേശിച്ചിരിക്കുന്നവ ജീവിതത്തിൽ പ്രായോഗികമാക്കുവാനും യേശുവിൽ വിശ്വസിക്കുന്നവർ ഒരുമിച്ചു കൂടുന്ന സ്ഥലമാണ് ഒരു സഭാ കൂടിവരവ്. യേശു പറഞ്ഞു, ***'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ടു'*** (മത്താ. 18:20). മറ്റൊരു വാക്കിൽ പറഞ്ഞാൽ, അത് രണ്ടുപേർ ഒരു വീട്ടിൽ ഒരുമിച്ചു കൂടുന്നതോ അല്ലെങ്കിൽ 2000 പേർ ഒരു സഭാ കെട്ടിടത്തിൽ ഒരുമിച്ചു കൂടുന്നതോ ആണ്. പ്രാധാന്യമുള്ള കാര്യം, അവർ കൂടിയത് യേശുവിന്റെ നാമത്തിലാ

ണോയെന്നും അവരുടെ മധ്യത്തിൽ യേശു ഉണ്ടോയെന്നതുമാണ്.

## 10. പാപം ഒരു പഴഞ്ചൻ ആശയമാണ്. ഒരിക്കലും അല്ല.

പത്രം വായിക്കുമ്പോഴും ടി വി വാർത്ത കാണുമ്പോഴുമൊക്കെ മാനവരാശിയുടെ പാപത്തിന്റെ ഒട്ടനവധി തെളിവുകൾ നിങ്ങൾക്ക് കാണാൻ കഴിയും. ദുർമോഹവും അത്യാഗ്രഹവും വെറുപ്പും ചതിയും ഒക്കെയാണ് അവ. 'പാപം' എന്ന വാക്ക് പഴഞ്ചനാണെന്ന് ഒരു പക്ഷേ നിങ്ങൾ ചിന്തിച്ചേക്കാം. ഇന്ന് മിക്കവാറും ആളുകൾക്ക്, സഭയിൽ പോകുന്നവർ ഉൾപ്പെടെയുള്ളവർക്ക് അതിനെപ്പറ്റി സംസാരിക്കാൻ താല്പര്യമില്ലെന്നുള്ളത് ഒരു സത്യമാണ്. എന്നാൽ നമ്മുടെ ജീവിതങ്ങളെയും നാം ജീവിക്കുന്ന സമൂഹത്തെയും നശിപ്പിക്കുന്നത് പാപമാണ്. യേശു പറഞ്ഞു, ***'എങ്ങനെയെന്നാൽ ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽ നിന്നു പുറപ്പെട്ടുവരുന്നു. മനുഷ്യനെ അശുദ്ധമാക്കുന്നതു ഇതത്രേ; കഴുകാത്ത കൈകൊണ്ടു ഭക്ഷിക്കുന്നതോ മനുഷ്യനെ അശുദ്ധമാക്കുന്നില്ല'*** (മത്താ. 15:19,20).


*'അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവ മക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചതു'* (യോഹ. 1 :12-13).

### ഉപസംഹാരം

**ഇതുവരെ നിങ്ങൾ അത് ചെയ്തിട്ടില്ലെങ്കിൽ, ഇപ്പോൾ നിങ്ങൾ അത് ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ, യേശുവിനെ നിങ്ങളുടെ രക്ഷകനായി സ്വീകരിക്കുവാനുള്ള ഒരു പ്രാർത്ഥന ഏറ്റുചൊല്ലുക.**

'സ്വർഗ്ഗസ്ഥനായ പ്രിയ പിതാവേ, ഞാനൊരു പാപിയാണെന്നും എനിക്ക് അവിടുത്തെ പാപക്ഷമ ആവശ്യമാണെന്നും ഞാൻ അംഗീകരിക്കുന്നു. എന്റെ സ്ഥാനത്ത് യേശു ക്രിസ്തു മരിച്ചെന്ന് ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്ക് വേണ്ടി തന്റെ രക്തം ഒഴുക്കി, എനിക്ക് നിത്യജീവൻ സമ്മാനിക്കാൻ മൂന്നാം ദിവസം യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. പാപത്തിൽ നിന്ന് പിന്തിരിയാനും യേശു ക്രിസ്തുവിനെ എന്റെ വ്യക്തിപരമായ രക്ഷകനും കർത്താവുമായി സ്വീകരിക്കുവാനും ഞാൻ ഇപ്പോൾ തയ്യാറാണ്. ഞാനെന്റെ ജീവൻ അങ്ങയെ ഏൽപ്പിക്കുന്നു. ഞാൻ അവിടുന്ന് ആഗ്രഹിക്കുന്ന വ്യക്തിയാകുവാൻ അങ്ങയുടെ സഹായത്തിമായി ഞാൻ അപേക്ഷിക്കുന്നു. പിതാവേ എന്നെ സ്നേഹിക്കുന്നതിനു നന്ദി, യേശുവിന്റെ നാമത്തിൽ പ്രാർത്ഥന കേൾക്കണമേ, ആമേൻ.

കൂടുതൽ വിവരങ്ങൾക്കായി, 'മശിഹാ മടങ്ങി വരുന്നതിന്റെ പത്ത് അടയാളങ്ങൾ,' 'ദൈവത്തെ വ്യക്തിപരമായി അറിയുക' തുടങ്ങി ഞങ്ങൾ പ്രസിദ്ധീകരിച്ച ലഘുലേഖകൾ ആവശ്യപ്പെടുക. നിങ്ങളുടെ കൈവശം ബൈബിൾ ഇല്ലെങ്കിൽ ഞങ്ങളെ അറിയിക്കുക, ഒരു കോപ്പി അയച്ചു തരാം. *



# കാലത്തിന്റെ അടയാളങ്ങൾ

## മാർപ്പാപ്പാ കാലംചെയ്തു

150 കോടി കത്തോലിക്കർ അംഗങ്ങളായുള്ള റോമൻ കത്തോലിക്ക സഭയുടെ തലവനായ ഫ്രാൻസിസ് മാർപ്പാപ്പാ ഏപ്രിൽ 21–ന് കാലം ചെയ്തു. അദ്ദേഹത്തിന്റെ ശവസംസ്കാര ശുശ്രൂഷ, ലോക നേതാക്കളും കർദ്ദിനാൾമാരും ബിഷപ്പുമാരും പങ്കെടുത്ത ഒരു വലിയ ചടങ്ങായിരുന്നു. കർദ്ദിനാൾമാരും ബിഷപ്പുമാരും കടുഞ്ചുവപ്പും ധൂമ്രവുമായ നിറങ്ങളിൽ റോമിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ അണിനിരന്നപ്പോൾ അത് സഭയുടെ ശക്തിയെയും ലോകത്തെമ്പാടും അതിനുള്ള സ്വാധീനത്തെയും വെളിപ്പെടുത്തി. പാപ്പാസിദ്ധാന്തം കേവലം ഒരു മത സംഘടനയല്ല. അതിന് ലോകത്തെമ്പാടും രാഷ്ട്രീയ സാന്നിധ്യമുണ്ട്. റോമിൽ വത്തിക്കാൻ എന്ന രാജ്യം അതിനുണ്ട്, ഐക്യരാഷ്ട്ര സഭയിൽ അതിന് അംഗത്വം ഉണ്ട്, ലോകത്തെമ്പാടും സ്ഥാനപതി കാര്യാലയങ്ങൾ ഉണ്ട്. ലോക നേതാക്കന്മാർ ഉപചാരമർപ്പിക്കാനും ഉപദേശത്തിനുവേണ്ടിപ്പോലും സമീപിക്കുന്ന ഒരു ശക്തിയാണ് റോമൻ കത്തോലിക്കാ സഭ.

ഫ്രാൻസിസ് മാർപ്പാപ്പാ ചെയ്ത നല്ല പ്രവൃത്തികൾക്കായി, ദരിദ്രരെയും അഭയാർത്ഥികളെയും കരുതിയത്, പരിസ്ഥിതിയ്ക്കുവേണ്ടി ചെയ്തത്, തനിക്കുണ്ടായിരുന്ന ഇടയന്റെ ഹൃദയത്തിനായി, ജനങ്ങളോടുള്ള സ്നേഹത്തിനായി ഉപചാരങ്ങൾ അർപ്പിക്കപ്പെട്ടു. അദ്ദേഹത്തെ 'ജനങ്ങളുടെ മാർപ്പാപ്പാ' എന്നു വിളിക്കുന്നു. കർദിനാൾ റേ, ധർമ്മ പ്രബോധനത്തിൽ പറഞ്ഞു, 'ഫ്രാൻസിസ് മാർപ്പാപ്പ ജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നു. എല്ലാവരോടും അദ്ദേഹത്തിന് ഹൃദ്യമായ മനഃസ്ഥിതിയായിരുന്നു..... പരിശുദ്ധാത്മാവ് സഭയെ ഉണർത്തുന്ന ഈ സമയത്ത്, കാലത്തിന്റെ അടയാളങ്ങളെ അദ്ദേഹം ശ്രദ്ധിച്ചു. സുവിശേഷത്തിന്റെ പരിജ്ഞാനം കൊണ്ട് ഈ കാലഘട്ടത്തിലെ പ്രശ്നങ്ങളുടെമേൽ വെളിച്ചം പകരാൻ അദ്ദേഹം എപ്പോഴും ശ്രമിച്ചു.'

ഫ്രാൻസിസ് മാർപ്പാപ്പ തീർത്തും ഒരു പരിഷ്കർത്താവ് ആയിരുന്നു. നമ്മുടെ കാലഘട്ടത്തിന്റെ ആപേക്ഷിക ധാർമ്മികതയോട് അദ്ദേഹത്തിന് തുറന്ന മനോഭാവമായിരുന്നു ഉണ്ടായിരുന്നത്. വിമർശന മനോഭാവത്തോട് അദ്ദേഹം മുഖം തിരിച്ചു. 'ആക്ഷേപം കൂടാതെ' എല്ലാവർക്കും അദ്ദേഹം സഭയുടെ വാതിൽ തുറന്നു കൊടുത്തു. നല്ല നിരീശ്വരവാദികൾ സ്വർഗ്ഗത്തിൽ പോകുമെന്ന് പോലും അദ്ദേഹം പറഞ്ഞു. സ്വവർഗ്ഗ പ്രേമികളായ പുരുഷന്മാർ പുരോഹിതരായി സേവനം ചെയ്യണോ എന്ന ചോദ്യത്തിന് അദ്ദേഹം മറുപടി പറഞ്ഞത്, 'വിധിക്കാൻ ഞാനാരാണെന്നാണ്.' ഇടതുപക്ഷ ചായ്വുള്ള ഇൻഡിപെന്റ് ദിനപത്രം എഴുതി: 'മാർപ്പാപ്പാ ഏതു ജീവിത ശൈലിക്കാരെയും അംഗീകരിച്ചു — അത് നാം ആഘോഷിക്കുക.' ചില പ്രത്യേക സാഹചര്യങ്ങളിൽ സ്വവർഗ്ഗ വിവാഹങ്ങൾ പുരോഹിതർ ആശിർവദിക്കുന്നതും, സ്വവർഗ്ഗാനുരാഗി സമൂഹങ്ങളെ ഉൾക്കൊള്ളുന്നതും, 'ഭൂരിപക്ഷത്തിൽ നിന്നും വ്യത്യസ്തമായ ലൈംഗിക ചായ്വിനെ അംഗീകരിക്കുന്നതും, ന്യൂനപക്ഷ സൗഹാർദ' മനോഭാവം കാണിച്ചതും അദ്ദേഹത്തെ നല്ലൊരു മാർപ്പാപ്പാ എന്നു വിളിച്ചു. പാശ്ചാത്യ രാജ്യങ്ങളിലെ പുരോഗമനവാദികളായ ഇടതുപക്ഷക്കാരുടെ പിന്തുണ അദ്ദേഹത്തിന് ലഭിച്ചു. അക്കൂട്ടർ ദൈവത്തിന് ശേഷമുള്ള ലോകത്തിന്റെ (post-God) വക്താക്കളാണ്. റോമൻ കത്തോലിക്കാ സഭയുടെ ഉള്ളിൽ പാരമ്പര്യവാദികളും പുരോഗമനവാദികളും

തമ്മിലുള്ള സംഘർഷം, സദാചാര ധർമ്മവിരുദ്ധ നിലപാടുകാരോട് തുറന്ന മനോഭാവം കാണിക്കുന്നുവെന്ന് അദ്ദേഹത്തിനെതിരെ വിമർശകർ കുറ്റമാരോപിച്ചു. 'പുതിയ വരേണ്യ വർഗ്ഗത്തിന്റെ (elites) സത്യാനന്തര വിഭ്രാന്തിയെ' (ബ്രന്റൺ ഓനീൽ എഴുതിയത്) അദ്ദേഹം പിന്തുടരുന്നുവെന്നും അവർ ആരോപിക്കുന്നു. ഒരു കത്തോലിക്കാ വിശ്വാസിയായി ജനിച്ച ഓനീൽ, ഇപ്പോൾ ഒരു നിരീശ്വരവാദിയാണ്. 'ശാസനയില്ലാതെ ജീവിതത്തെ സമീപിച്ചാൽ, ലോകാചാരമായ മിഥ്യാഭ്രമത്തിലേക്ക് ഒരാൾ അപകടകരമായി പെട്ടുപോകുമെന്ന് 'കാഴ്ചപ്പാട്' എന്ന പ്രസിദ്ധീകരണത്തിൽ അദ്ദേഹം എഴുതി. 'യഥാർത്ഥമായ ബോധ്യം ഇല്ലെങ്കിൽ, ദൈവത്തിന്റെ ഭൂമിയിലെ പ്രതിനിധി വരെ ഭൗതികമായ വ്യാമോഹത്തിന്റെ പ്രതിനിധികളായി അവസാനിക്കാൻ സാധ്യതയുണ്ട്.'

'വിധിക്കാൻ ഞാൻ ആരാണെന്ന്' ചോദ്യത്തെ സംബന്ധിച്ച്, ***'നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിനു വിധിക്കരുതു'*** എന്ന് ഗിരിപ്രഭാഷണത്തിൽ യേശു പറഞ്ഞ വാക്കുകൾ, മറ്റുള്ളവരെ വിധിക്കരുതെന്ന് പറയാൻ പുരോഗമനവാദികൾ ഉപയോഗിക്കുന്നു. നിങ്ങൾ ചെയ്യുന്ന കാര്യം മറ്റുള്ളവരിൽ കാണുമ്പോൾ അവരെ വിധിക്കരുതെന്ന് യേശു പറയുന്നതാണ് മത്തായി 7-ന്റെ പശ്ചാത്തലമെന്ന് നാം കാണുന്നു. ***'നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിനു വിധിക്കരുതു. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും.'*** അവിടുന്നു പറയുന്നു, എന്നാൽ സ്വന്ത കണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരടു നോക്കുന്നതു എന്തു?'

## നരകവും ക്രമരാഹിത്യവും

'മതരഹിതൻ' എന്ന് സ്വയം വിശേഷിപ്പിക്കുന്ന ഡൊമിനിക് ലോസൻ, ഡെയിലി മെയിൽ ദിനപത്രത്തിൽ ഒരു ലേഖനം എഴുതി. അതിന്റെ തലക്കെട്ട് ഇങ്ങനെയായിരുന്നു, 'ഇതൊരു പഴഞ്ചനാശയമായിരിക്കും, എന്നാൽ നരകം ഇല്ലെന്നുള്ള വിശ്വാസം പൊതു സമൂഹത്തിൽ ഗഹനമായ നശീകരണ സ്വാധീനം ഉളവാക്കും.'

സ്വന്തം ഭാര്യയും രണ്ടു പെൺകുഞ്ഞുങ്ങളെയും കൊല ചെയ്ത കെയ്ത് ക്ലിഫോർഡിന്റെ വിചാരണയെപ്പറ്റി ബിബിസി അവതാരകൻ ജോൺ ഹണ്ട് പറഞ്ഞ വാചകം ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം ആരംഭിച്ചു, 'നിങ്ങൾക്ക് എന്ത് ശിക്ഷ ലഭിച്ചാലും, ഭൂമിയിലെ നിങ്ങളുടെ ജീവിതം അവസാനിച്ചതിനുശേഷം, നിങ്ങളുടെ മരണ ദിവസത്തിന് ശേഷവും, നിങ്ങൾക്ക് ഒരു മോചനവും ലഭിക്കില്ല. കെയ്ത്, നരകത്തിന്റെ നിലവിളി എനിക്ക് ഇപ്പോൾ ശ്രവിക്കാൻ കഴിയും. നിങ്ങളുടെ ഈ പരിതാപകരമായ ഭാഗധേയം നിത്യതയിലും തുടരും.' ലോസൻ എഴുതി, 'പൊതു ചർച്ചകളിൽ നിന്ന് നരകമെന്ന ആശയം തീർത്തും അപ്രത്യക്ഷമായിരിക്കുന്നു. സഭാപ്രസംഗങ്ങളിൽ ആരും അത് ഒരിക്കലും സൂചിപ്പിക്കുന്നില്ല, കോടതി മുറികളിൽ പ്പോലും അതിനെപ്പറ്റി വിരളമായിട്ടേ പറയാറുള്ളൂ. കത്തോലിക്ക വിശ്വാസിയായ എന്റെ ഭാര്യയോട് 1960 — കളിൽ ഒരു പുരോഹിതൻ പറഞ്ഞത് അവൾ ഓർക്കുന്നു, 'നരകത്തെപ്പറ്റി ഇപ്പോൾ അധികമാരും സൂചിപ്പിക്കാത്തത് സാത്താന്റെ പ്രവർത്തിയാണ്. സാത്താൻ അത് നല്ല രീതിയിൽ മുതലാക്കുന്നു. 'ആ പുരോഹിതന്റെ അഭിപ്രായത്തിൽ നിത്യശിക്ഷാ വിധിയെപ്പറ്റിയുള്ള ഭയമില്ലായ്മ, നരകത്തിന് യോഗ്യമായ പ്രവർത്തി ചെയ്താലും ഒന്നും സംഭവിക്കില്ലെന്ന് ചിന്തിക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നു.

മുൻ യാഥാസ്ഥിതിക കക്ഷിയുടെ എം പി ആയ ജോൺ പാറ്റൻ "കാഴ്ചക്കാരൻ" എന്ന പ്രസിദ്ധീകരണത്തിൽ 1992-ൽ എഴുതിയ ഒരു ലേഖനത്തിൽ നിന്ന് അദ്ദേഹം ഉദ്ധരിക്കുന്നു: 'നിത്യ ശിക്ഷാവിധിയെപ്പറ്റിയുള്ള സന്ദേശങ്ങൾ എല്ലാ ആഴ്ചയിലും സഭ

കളിൽ ആവർത്തിച്ച് പ്രസംഗിച്ചിരുന്നു. നിത്യ ശിക്ഷാവിധിയെക്കുറിച്ചുള്ള ഭയം നഷ്ടപ്പെട്ടു എന്നതിന്റെ അർത്ഥം, നല്ല പൗരന്മാർ ആകണോ അതോ കുറ്റവാളികൾ ആകണോ എന്ന് തീരുമാനിക്കാനുള്ള സുപ്രധാനമായ ഒരു പ്രേരണ യുവജനങ്ങൾക്ക് നഷ്ടപ്പെട്ടു എന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മനുഷ്യന്റെ ദുഷ്ടതയ്ക്ക് ദൈവിക ശിക്ഷാ വിധിയുണ്ടെന്നുള്ള വിശ്വാസം, മനുഷ്യരുടെ സ്വഭാവത്തിൽ, അവർ മത ഭക്തരാണെങ്കിലും അല്ലെങ്കിലും, ഒരു നിയന്ത്രണ പ്രഭാവം ഉണ്ടാക്കിയിരുന്നു.

അദ്ദേഹം, 'ദേശീയ കുറ്റകൃത്യ നിരക്കിൽ സ്വർഗ്ഗത്തിലും, നരകത്തിലുമുള്ള വിശ്വാസത്തിന്റെ അകന്നുപോകുന്ന ഫലങ്ങൾ' എന്ന ഗവേഷണ പ്രബന്ധത്തിൽ നിന്ന് ഉദ്ധരിക്കുന്നു. അതൊരു നിർണായകമായ വിഷയമാണ് എന്ന് ഊന്നിപ്പറഞ്ഞു, 'നിത്യമായ ശിക്ഷാവിധി കുറ്റം ചെയ്യാതിരിക്കാനുള്ള വെറുമൊരു നിരുത്സാഹപ്പെടുത്തൽ മാത്രമല്ല, എല്ലാം അറിയുന്ന ദൈവമാണ് ന്യായാധിപതി എന്ന വസ്തുത അർത്ഥമാക്കുന്നത് ഒരു കുറ്റവും ശ്രദ്ധിക്കപ്പെടാതെ പോകുന്നില്ലെന്നാണ്. ദശലക്ഷക്കണക്കിന് സിസിടിവി ക്യാമറകളും ഏറ്റവും മികച്ച കോടതി സംവിധാനങ്ങൾ കൊണ്ട് ഇത് നേടിയെടുക്കാൻ ആവില്ല. മനുഷ്യരെപ്പോലെയല്ല, ദൈവീക ന്യായാധിപതി, അവിടുന്ന് സർവ്വജ്ഞാനിയും സർവ്വശക്തനും അപ്രമാദിത്യമുള്ളവനും ആർക്കും തൊട്ടുകൂടാത്തവനുമാണ്. അതുകൊണ്ട്, ഏതു മാർഗ്ഗം ഉപയോഗിച്ചും ലോകത്തിലെ ശിക്ഷാ സംവിധാനങ്ങൾക്ക് തടയാൻ കഴിയാത്ത കുറ്റവാളികളെ തടയാൻ ഈ ദൈവീക ന്യായാധിപതിക്ക് കഴിയും. അതിന്റെ ഫലമായി, മരണത്തിനു ശേഷം നരകം ഉണ്ടെന്നുള്ള വിശ്വാസം, കുറ്റകൃത്യങ്ങൾക്ക് മേൽ 'ശക്തമായ ഒരു വിരുദ്ധ സ്വാധീനം' ഉണ്ടാക്കുന്നു.

നരക ഭയം ഇല്ലാതായത് സമൂഹത്തിൽ പ്രകടമായ മോശമായ സ്വഭാവത്തിന് ഒരു വലിയ കാരണമാണെന്ന കാര്യത്തിൽ അദ്ദേഹം പറയുന്നത് ശരിയാണ്. ***'യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു.'*** അതില്ലെങ്കിൽ ഇന്നത്തെപ്പോലെ മൗഢ്യവും നിയമരാഹിത്യവുമുള്ള ഒരു സമൂഹത്തിൽ നാം ജീവിക്കേണ്ടിവരും. യഥാർത്ഥത്തിൽ, സമൂഹത്തിലെ എല്ലാ മേഖലയിൽ നിന്നും എല്ലാ തടസ്സങ്ങളും മാറ്റിയിരിക്കുന്നു. ഒരു മുൻ സ്കൂൾ അധ്യാപകൻ എന്ന നിലയിൽ, ക്ലാസ് റൂമിൽ ശല്യപ്പെടുത്തുന്ന കുട്ടികളുടെ സ്വഭാവവുമായി നിരന്തരം പോരാടേണ്ടിവന്ന ഓർമ്മകൾ എനിക്കുണ്ട്. അതിനെ ശിക്ഷിക്കാനും ആ സ്വഭാവത്തെ തടയാനും യാതൊരുവിധ വ്യവസ്ഥകളും ഇല്ലായിരുന്നു. 50-കളിലെയും 60-കളിലെയും ഒരു സ്കൂൾ കുട്ടി എന്ന നിലയിൽ, ക്ലാസ്സിൽ മോശമായി പെരുമാറുകയോ ശല്യപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ, അധ്യാപകരിൽ നിന്ന് ചൂരൽ പ്രയോഗം ലഭിക്കാനുള്ള സാധ്യത വളരെയായിരുന്നു. വടി ഒഴിവാക്കി കുട്ടിയെ നശിപ്പിക്കുകയാണ്. ഇപ്പോൾ അതില്ല. കുട്ടികളെ ശിക്ഷണത്തിൽ വളർത്തുന്നതിൽ നിന്ന് മാതാപിതാക്കളെ നിരുത്സാഹപ്പെടുത്തിയിരിക്കുന്നു. അച്ചടക്കമില്ലാത്ത പുതിയ തലമുറയുടെ സൃഷ്ടിയിലേക്ക് അത് നയിക്കുന്നു. ചുറ്റുമുള്ള പൈശാചിക സ്വാധീനത്താൽ ദുഷിക്കപ്പെടുമെന്ന അപകടം ഈ തലമുറയ്ക്കു മുന്നിൽ പതിയിരിക്കുന്നു. അതിന്റെ ഫലമായി, നിയമ സംവിധാനം തകരുന്നു. നിറഞ്ഞു കവിഞ്ഞ ജയിലുകൾക്കുള്ളിൽ പുറത്തുള്ളത് പോലെ കുറ്റകൃത്യങ്ങൾ നടക്കുന്നു. പൊതുസ്ഥലങ്ങളിൽ സാമൂഹ്യ വിരുദ്ധ ശക്തികൾ അഴിഞ്ഞാടുന്നു. ആക്രമ സംഭവങ്ങളും മയക്കുമരുന്ന് വിതരണവും കടകളിൽ നിന്നുള്ള മോഷണവും വർധിച്ചുകൊണ്ടിരിക്കുന്നു.

ദൈവം ക്ഷമിക്കുന്നവനായതുകൊണ്ട് തീർച്ചയായും ഞങ്ങൾ അവിടുത്തേക്ക് നന്ദി പറയുന്നു. കൊടിയ പാപികൾക്കുപോലും അനുതപിച്ച്, കർത്താവായ യേശു ക്രിസ്തുവിലുള്ള വിശ്വാ

സം മുഖാന്തരം രക്ഷ സ്വീകരിക്കാനുള്ള സാധ്യത മുന്നിലുണ്ട്. താൻ നീതിമാനായ ദൈവവും ആണെന്ന് നാം ഓർക്കണം. അനുതപിക്കാത്ത പാപികളെ സംബന്ധിച്ച് *'ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം'* ആണ് (എബ്രാ. 10:31). യേശു തന്നെ മിക്കപ്പോഴും നരകത്തെപ്പറ്റി സംസാരിച്ചിട്ടുണ്ട്, *'ആരെ ഭയപ്പെടേണം എന്നു ഞാൻ നിങ്ങൾക്കു കാണിച്ചുതരാം. കൊന്നിട്ടു നരകത്തിൽ തള്ളിക്കളവാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ: അതേ, അവനെ ഭയപ്പെടുവിൻ'* (ലൂക്കൊ. 12:5). അതുകൊണ്ട് അങ്ങോട്ട് പോകരുത്. നമുക്ക് സ്വർഗ്ഗത്തിലേക്ക് പ്രവേശനം ലഭിക്കാൻ യേശു ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചെന്ന, മനുഷ്യന്റെ പാപങ്ങളുടെ മറുവില കൊടുക്കുവാൻ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റെന്ന സുവിശേഷത്തിൽ വിശ്വസിക്കുക.

## യാത്ര ചെയ്യാൻ നിങ്ങൾക്ക് അംഗുലി തിരിച്ചറിയൽ (Digital Identification ) ആവശ്യമാണ് – അതിനുശേഷം ജീവിക്കാനും

ആപ്പിളിന്റെ ആഗോള വാർഷിക സമ്മേളനം 2025 ജൂൺ 9 മുതൽ ജൂൺ 13 വരെ നടന്നു. അപ്പോഴാണ് ഏറ്റവും പുതിയ സാങ്കേതിക വിദ്യയുടെ ആശ്ചര്യപ്പെടുത്തുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും പുറത്തിറക്കുന്നത്. അങ്ങനെയുള്ളൊരു ആശ്ചര്യപ്പെടുത്തുന്ന സവിശേഷ ഉൽപന്നമാണ് iOS 26. ആപ്പിൾ വാലറ്റിൽ അംഗുലി (digital) പാസ്പോർട്ട് തിരിച്ചറിയൽ രേഖകൾ ശേഖരിച്ചു വയ്ക്കാൻ അത് ഉപയോക്താക്കളെ അനുവദിക്കും. യാത്രകളെ ആയാസരഹിതമാക്കുന്ന ഈ സാങ്കേതിക വിദ്യ യഥാർത്ഥത്തിൽ ഭാവിയിലേക്കുള്ള കുതിച്ചുചാട്ടമാണ്. അവിടെ ഡിജിറ്റൽ തിരിച്ചറിയൽ സഹായകരമായ ഒരു സേവനം മാത്രമല്ല — അതൊരു ആവശ്യവും കൂടിയാണ്. അതിനു ശേഷം, വെബ്സൈറ്റുകളിൽ പ്രവേശിക്കാൻ അത് ആവശ്യമായി വരും. ഒടുവിൽ, സമൂഹത്തിൽ ജീവിക്കണമെങ്കിൽ അത് അത്യാവശ്യമായി വരും.

ഒരു വിശാലമായ ആഗോള മുന്നേറ്റത്തിന്റെ ഭാഗമാണ് ഇത്. ആപ്പിൾ ഇതിനകം മൊബൈൽ ഡ്രൈവിങ് ലൈസൻസ് അമേരിക്കയിലെ നിരവധി സംസ്ഥാനങ്ങളിൽ നടപ്പിലാക്കി. സമാനമായ പദ്ധതികൾ യൂറോപ്പ്, കാനഡ, ഏഷ്യയുടെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ പ്രാവർത്തികമാകുന്നു. നിങ്ങളുടെ ഫോണിനെ വാലറ്റ് ആക്കാനും, നിങ്ങളുടെ താക്കോൽ ആക്കാനും — ഇപ്പോൾ നിങ്ങളുടെ തിരിച്ചറിയൽ രേഖ ആക്കാനും സർക്കാരുകളും വമ്പൻ കമ്പനികളും ഒരുമിച്ചു പ്രവർത്തിക്കുന്നു. 'പരിധിയില്ലാത്ത പ്രവേശം' (seamless access) എന്ന് അവർ വിളിച്ചത് ഇപ്പോൾ 'പരിധിയില്ലാത്ത നിരീക്ഷണം' (seamless surveillance) ആയി മാറിക്കഴിഞ്ഞു.

ഒരിക്കൽ നിങ്ങളുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായാൽ, അംഗുലി തിരിച്ചറിയൽ കേവലം വിമാനത്താവളങ്ങളിലും ബാങ്കിംഗ് ആപ്പുകളിലും മാത്രം ഒതുങ്ങില്ല. അവ ആരോഗ്യ സംരക്ഷണ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും ഓൺലൈൻ വാതിലിലും വരും. വാർത്തകളും സാമൂഹ്യ മാധ്യമങ്ങളും നോക്കാൻ പോലും അവ ആവശ്യമായി വരും. ചില സർക്കാർ വകുപ്പുകൾ ഇതിന്റെ പരിധി പരിശോധിക്കുകയാണ്. നിർമ്മിത ബുദ്ധി ഉപയോഗിച്ചു പ്രവർത്തിക്കുന്ന ആൾമാറാട്ടക്കാരെയും വ്യാജ പ്രചരണത്തെയും നിർത്തൽ ചെയ്യാൻ അംഗുലീ തിരിച്ചറിയൽ സംവിധാനങ്ങളും ഇന്റർനെറ്റ് പ്രവേശവും തമ്മിൽ ബന്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ഐക്യരാഷ്ട്ര സംഘടന സ്വീകരിക്കാൻ തുടങ്ങി.

അവർ അതിനെ 'വ്യക്തിത്വത്തിന്റെ തെളിവ്' എന്ന് വിളിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ തെളിയിക്കാൻ പോകുന്ന വസ്തുത, ഓൺലൈനിൽ നിലനിൽക്കാൻ ആവശ്യമായ നിങ്ങളുടെ തിരിച്ചറിയൽ താദാത്മ്യം, സർക്കാർ

നൽകുന്ന അംഗീകാരത്തെ ആശ്രയിച്ചിരിക്കുന്നു. ഈ മാതൃക നാം നേരത്തെ കണ്ടു കഴിഞ്ഞു. സാങ്കേതിക വിദ്യ ലളിതമായ പ്രക്രിയ വാഗ്ദാനം ചെയ്യുന്നു. അത് ആയാസരഹിതമായ ഇടപെടലും ബുദ്ധി കൗശല സവിശേഷതയും വാഗ്ദാനം ചെയ്യുന്നു. എന്നാൽ, ഒരിക്കൽ നാം അതിന് അടിപ്പെട്ട് കഴിഞ്ഞാൽ വ്യവസ്ഥകൾ മാറുന്നു. ക്രെഡിറ്റ് കാർഡ്, ചിപ് കാർഡ് ആവുന്നു. ചിപ് കാർഡ്, തട്ടിയാലോ വീശിയാലോ പണം അടയ്ക്കാൻ കഴിയുന്ന കാർഡ് ആവുന്നു. ഇപ്പോൾ ഈ കാർഡുകൾ പോക്കറ്റിൽ കൊണ്ടു നടക്കുന്നത് പഴഞ്ചൻ ഏർപ്പാടായിരിക്കുന്നു. കാരണം, നിങ്ങളുടെ ഫോണിന് എല്ലാം ചെയ്യാൻ കഴിയും. അംഗുലീ തിരിച്ചറിയലും സമാനമായ മാതൃക പിന്തുടരും: ആദ്യം ഇഷ്ടമുണ്ടെങ്കിൽ തെരഞ്ഞെടുക്കുക, പിന്നീട് അതിൽ നിന്ന് പ്രതീക്ഷിക്കുക, ഒടുവിൽ അതിന്റെ നിയന്ത്രണത്തിന്റെ കീഴിലാവുക.

നിയന്ത്രണം വരുമ്പോൾ, ആദ്യം അത് ചെറിയതോതിലായിരിക്കും. 'നിങ്ങളുടെ സുരക്ഷയ്ക്ക്,' 'തട്ടിപ്പിൽ നിന്ന് സംരക്ഷിക്കാൻ,' 'നുഴഞ്ഞുകയറ്റക്കാരെയും, റോബോട്ടുകളെയും തടയാൻ.' നിങ്ങൾ ഒരു യഥാർത്ഥ മനുഷ്യനാണെന്ന് തെളിയിക്കാൻ നിങ്ങൾക്ക് അംഗുലീ തിരിച്ചറിയൽ ആവശ്യമാണ് — വിമാനത്താവളത്തിൽ മാത്രമല്ല, സന്ദേശപ്പലകയിലും (message board), സൂം മീറ്റിംഗുകളിലും, ജോലി അപേക്ഷയിൽപ്പോലും അത് ആവശ്യമാണ്. തിരിച്ചറിയൽ സ്ഥിരീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ പ്രവേശനമില്ല. അധികം വൈകാതെ, അജ്ഞാതത്വം — അത് ഇതിനകം നാശത്തിലാണ് — സുരക്ഷയുടെ പേരിൽ നിയമ വിരുദ്ധമാകും. ആർക്കുവേണ്ടിയാണ് ഈ സുരക്ഷ? നിങ്ങൾക്ക് പറക്കാൻ അംഗുലീ തിരിച്ചറിയൽ ആവശ്യമായി വരുമെന്ന ആശയം ചിലർക്ക് യുക്തിസഹമായി തോന്നിയേക്കും. എന്നാൽ, ചില വർഷങ്ങൾക്ക് ശേഷം എന്തു സംഭവിക്കുമെന്നു ചിന്തിക്കുക. നിങ്ങളുടെ അംഗുലീ താദാത്മ്യം നിങ്ങളുടെ ജീവിതത്തിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളുടെ പ്രവേശന കേന്ദ്രമായി മാറുമ്പോൾ എന്തു സംഭവിക്കും? ഓൺലൈനിൽ ഒരു അഭിപ്രായം രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നുവോ? ആദ്യം നിങ്ങളുടെ സ്ഥിരീകരിക്കപ്പെട്ട തിരിച്ചറിയലുമായി ലോഗിൻ ചെയ്യുക. 'രഹസ്യ സ്വഭാവമുള്ള' ഒരു വിഷയത്തെപ്പറ്റിയുള്ള ഒരു ലേഖനം വായിക്കാൻ ആഗ്രഹിക്കുന്നുവോ? നിങ്ങളുടെ വയസ്സും താമസിക്കുന്ന സ്ഥലവും സ്ഥിരീകരിക്കുക. ഒരു രാഷ്ട്രീയ അല്ലെങ്കിൽ മതപരമായ താല്പര്യത്തിന് സംഭാവന കൊടുക്കാൻ ആഗ്രഹിക്കുന്നുവോ? സംവിധാനം അത് രേഖപ്പെടുത്തുന്നു. 'അടിയന്തര സാഹചര്യത്തിൽ സഭയിൽ പോകണോ, പലചരക്കു വാങ്ങണോ, അല്ലെങ്കിൽ ആരോഗ്യസേവനം വേണോ? നിങ്ങളുടെ അംഗുലീ തിരിച്ചറിയലാണ് നിങ്ങൾക്ക് ലഭിക്കേണ്ട അനുവാദത്തെ നിർണ്ണയിക്കുന്നത്.

ആപ്പിളിന്റെ കൂർമ്മ ബുദ്ധിയുള്ള ഈ സംവിധാനം മനുഷ്യനും യന്ത്രങ്ങളുമായുള്ള ഇടപെടൽ (User interface) കൈകാര്യം ചെയ്യുന്നു എന്ന ഗഹനമായ യാഥാർഥ്യം മറച്ചുവയ്ക്കാൻ കഴിയില്ല. ഭൗതികമായ സ്വാതന്ത്ര്യത്തിൽ നിന്ന് അംഗുലി (digital) ആശ്രയത്വത്തിലേക്കുള്ള മാറ്റം പൂർണ്ണമായിരിക്കുന്നു. നിങ്ങളുടെ പാസ്പോർട്ട് നിങ്ങളുടെ ഫോണിൽ പ്രവർത്തനനിരതമാകുമ്പോൾ നിങ്ങളുടെ അവകാശങ്ങൾ ആരുടെയോ സെർവറിൽ തളച്ചിടപ്പെടും. ഇതൊക്കെ പറഞ്ഞ് ഭയം ജനിപ്പിക്കുകയല്ല – ഇത് ദീർഘ വീക്ഷണമാണ്. ഈ സംവിധാനങ്ങൾ നമ്മെ തീവ്രമായി പിടിമുറുക്കുന്നതിന് മുൻപ്, അതിൽ നിന്ന് പുറത്തു വരുന്നത് അസാധ്യമാകുന്നതിന് മുൻപ്, അവയെപ്പറ്റി സംസാരിക്കേണ്ട സമയം ഇതാണ്.

കാരണം സത്യം ഇതാണ്: അംഗുലീ തിരിച്ചറിയൽ നിങ്ങൾക്ക് കേവലം യാത്ര ചെയ്യാൻ മാത്രമല്ല, ജീവിക്കാനും ആവശ്യമായിവരും. വെളിപ്പാട് 13-ലെ 666 പ്രവചനത്തിലേക്കുള്ള ഒരുക്കമാണോ ഇത്? — പ്രവചന വാർത്താ നിരീക്ഷണ പത്രിക. *

# അന്തിമ വാക്ക്



## അനുഗ്രഹീത പ്രത്യാശ തീത്തോസ് 2

**എ**ന്റെ പ്രഭാഷണങ്ങളും മാസികയും ഒരു പരിധിവരെ മ്ലാനതയുളവാക്കുന്നു വെന്ന് ആളുകൾ ചിലപ്പോൾ പരാതി പ്പെടാറുണ്ട്. നമുക്ക് കൂടുതൽ പ്രത്യാശ യാണ് ആവശ്യം, അവർ പറയാറുണ്ട്. അതെ, നമുക്ക് അത് ആവശ്യമാണ്. എനിക്ക് വാർത്തകൾ മാറ്റാൻ കഴിയില്ല. അത് തീർച്ചയായും 100% മ്ലാനത നിറ ഞ്ഞതാണ്. കൂടാതെ, ദിവസങ്ങൾ കഴി യുന്തോറും അത് വർധിച്ചുവരുന്നതേ യുള്ളൂ. എന്നാൽ, ദൈവം ഇതെല്ലാം മുൻകൂട്ടി കണ്ടിരുന്നു. അതുകൊ ണ്ടാണ് അവിടുന്ന് ബൈബിളിലൂടെ പ്രവചനങ്ങൾ നൽകിയത്. അതു കൊണ്ട്, എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് നമുക്ക് അറിയാൻ സാധിക്കും. അതിന്റെയെല്ലാം മധ്യ ത്തിൽ നമുക്ക് ഒരു പ്രത്യാശാ നിർഭര മായ ഭാവിയുണ്ടാകും.

ഇതൊക്കെ സംഭവിക്കാൻ തുടങ്ങു മ്പോൾ ഭയപ്പെടരുതെന്നും പ്രത്യാശ കൈവിടരുതെന്നും യേശു നമ്മോട് പറഞ്ഞു. കാരണം, അതൊക്കെ അർ ത്ഥമാക്കുന്നത് നിങ്ങളുടെ വീണ്ടെടുപ്പ് സമീപത്താണെന്നാണ്. ഇതിനെല്ലാം മനോഹരമായ ഒരു അനന്തരഫലം ഉണ്ടാകും. 'ഞാൻ പിന്നെയും വരു മെന്ന്' അവിടുന്നു നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നു (യോഹ. 14:3). ഭൂമി യിൽ അനിഷ്ട സംഭവങ്ങൾ നടക്കുന്ന സമയത്തായിരിക്കും തന്റെ വരവെന്ന് താൻ നമ്മോട് പറഞ്ഞിട്ടുണ്ട് (ലൂക്കൊ. 21:25-28).

***'സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങ ളിലും ലക്ഷ്യങ്ങൾ ഉണ്ടാകും; കട ലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകി പ്പോകുന്നതിനാൽ ഭൂലോകത്തിനു എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തുംകൊണ്ടു മനുഷ്യർ നിർജ്ജീവന്മാർ ആകും. അപ്പോൾ മനുഷ്യ പുത്രൻ ശക്തി യോടും മഹാതേജസ്സോടും കൂടെ മേഘത്തിൽ വരുന്നതു അവർ കാണും. ഇതു സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പു അടുത്തുവ രുന്നതുകൊണ്ടു നിവർന്നു തല പൊക്കുവിൻ.***

തീത്തോസിനുള്ള ലേഖനത്തിൽ പൗ ലൊസ് എഴുതി: ***സകല മനുഷ്യ ർക്കും രക്ഷാകരമായ ദൈവകൃപ ഉദി ച്ചുവല്ലോ; നാം ഭാഗ്യകരമായ പ്രത്യാ ശെക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശു ക്രിസ്തു വിന്റെ തേജസ്സിന്റെ പ്രത്യക്ഷതെക്കാ യിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ച മോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവ ഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിനു അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു. അവൻ നമ്മെ സകല അധർമ്മത്തിൽനിന്നും വീണ്ടെടുത്തു സൽ പ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജന മായി തനിക്കു ശുദ്ധീകരിക്കേണ്ട തിനു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു*** (തീത്തൊ. 2:11-14).

ഈ ലോകത്തിന്റെ ഒരേയൊരു പ്രത്യാശ യേശുവിന്റെ മടങ്ങിവരവാണ്. ഈ മാസികയിൽ വിവരിച്ചിരിക്കുന്ന തര ത്തിലുള്ള പ്രശ്നങ്ങൾ ആർക്കും പരി ഹരിക്കാനാവില്ല. നമ്മുടെ ലോകം മുങ്ങിത്താഴുന്ന കപ്പൽപ്പോലെയാണ്. യഥാർത്ഥമായ ഭാവി പ്രത്യാശ നമുക്ക് ആവശ്യമാണെങ്കിൽ, കർത്താവിനെ പ്രസാദിപ്പിക്കുവാൻ നന്മ ചെയ്യുകയും താൻ കാണിച്ച പാതയെ പിൻപറ്റു കയും ചെയ്യുക. *

# ഉപസംഹാരം



ഞങ്ങൾ ഈ മാസികയിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും യേശു മശിഹായേക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങളുടെ നിവർത്തിയാണ്.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ വരവ് ആസന്നമായിരിക്കയാൽ നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷകനും ആയി സ്വീകരിക്കുവാനുള്ള തക്ക സമയം ഇപ്പോഴാണ്. അപ്രകാരം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലുക:

"പ്രിയ സ്വർഗ്ഗീയ പിതാവേ, ഞാനൊരു പാപിയാണ് എന്നും എനിക്ക് അങ്ങയുടെ പാപ ക്ഷമ ആവശ്യമാണെന്നും ഞാൻ സമ്മതിക്കുന്നു. എനിക്കുവേണ്ടി യേശുമശിഹാ മരിച്ചുവെന്നും എന്റെ പാപമോചനത്തിനായി രക്തം ചിന്തിയെന്നും, ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഞാനിപ്പോൾ എന്റെ പാപവഴികളെ ഉപേക്ഷിച്ച്, യേശുമശിഹയെ എന്റെ സ്വന്തരക്ഷിതാവും ദൈവവുമായി അംഗീകരിക്കുന്നു. എന്റെ ജീവിതത്തിലേക്കു അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്നും ഞാനപേക്ഷിക്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു വ്യക്തിയായി ജീവിപ്പാൻ എന്നെ സഹായിക്കേണമേ.
പിതാവേ, എന്നെ സ്നേഹിക്കുന്നതിനായി നന്ദി പറയുന്നു.
യേശുവിന്റെ നാമത്തിൽ, ആമേൻ."


കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

**പ്രത്യാശാദീപം**

**മേഴ്സിഹോം**

ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല – 690 507

ഫോൺ: 0479–2412459 /9207976381/9447976381

E-mail : hopemsn@hopemsn.org



സ്വകാര്യ വിതരണത്തിന് മാത്രം.

അന്ത്യനാളുകൾക്കു വെളിച്ചം